# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 35 ലക്കം സെപ്റ്റംബർ 2017 വാർഷിക വരിസംഖ്യ ₹ 100



പ്രോസാങ്ക്ടിറ്റി പബ്ലിക്കേഷൻസ്

## ദൈവദാസൻ ബിഷപ് വില്യം ജക്വീന്തോ

# പിതൃമൊഴി



ഓ! ദിവ്യകാരുണ്യ ഈശോയേ, ദൈവത്തിന്റെ സാന്നിദ്ധ്യമേ, അങ്ങ് ഞങ്ങളുടെ ഇടയിലേക്ക് കടന്നുവരണമേ. അങ്ങ് ഞങ്ങളുടെ ഹൃദയത്തിൽ വന്ന്, ''പിതാവിന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു'' എന്ന് അങ്ങേക്കുമാത്രം പറയുവാൻ സാധിക്കുന്ന അങ്ങയുടെ മാധുര്യമേറിയ വചസ്സുകൾ ഞങ്ങളുടെ ഹൃദയത്തിലും മന്ത്രിക്കണമേ.

''കർത്താവേ ഞങ്ങളോടുകൂടി വസിക്കണമേ'' എന്നത് അങ്ങേ വചനത്തിലൂടെയും പ്രവൃത്തികളിലൂടെയും ആത്മധൈര്യവും ജ്വലിക്കുന്ന സ്നേഹവും അനുഭവിച്ചറിഞ്ഞ ശിഷ്യരുടെ അപേക്ഷയായിരുന്നുവല്ലോ. ദിവ്യനാഥാ, ഇന്ന് ഞങ്ങളും അങ്ങയോട് ഈ പ്രാർത്ഥന ആവർത്തിക്കട്ടെ.

ഈശോയേ, അങ്ങു നല്കുന്ന വിശ്രമത്തിലും ദാനമായ ശക്തിയിലും പ്രകാശിതമായ വിശ്വാസത്തിലും ഞങ്ങളുടെ ഹൃദയം സമാധാനം അനുഭവിച്ചറിയട്ടെ. കർത്താവേ, ഞങ്ങളുടെ ഹൃദയത്തിൽ അങ്ങേക്കുവേണ്ടിയുള്ള തീവ്രമായ ആഗ്രഹവുമായി ഞങ്ങളുടെ അനുദിന ജീവിത സാഹചര്യങ്ങളിലേക്കും സഹനങ്ങളിലേക്കും ഞങ്ങൾ തിരികെപോകട്ടെ. മാനുഷികവും പാപബദ്ധവുമായവയെല്ലാം കത്തിച്ചു ചാമ്പലാക്കി നിന്നിൽ രൂപാന്തരം പ്രാപിച്ച് സ്വർഗീയപിതാവിന്റെ പൂർണതയിലേക്ക് നടന്നടുക്കുവാൻ ഞങ്ങളെ പ്രാപ്തരാക്കണമേ. ആമ്മേൻ.

പ്രതീക്ഷയുടെ

# പൂമൊട്ടുകൾ

വാല്യം 35 ഏലിയ - സ്ലീവാ, മൂശെ ലക്കം സെപ്റ്റംബർ 2017

*"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3)*

രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**അന്നമ്മ കുളത്തൂപുരയിടം എ.ഒ.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് എ.ഒ.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**അനു കുരിശുംമൂട്ടിൽ എ.ഒ.**
**ജിസ കൂട്ടിയാനിക്കൽ എ.ഒ.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**പ്രിൻസി മൈലാടിയിൽ എ.ഒ.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**ഷീലമ്മ പൂതക്കുഴി എ.ഒ.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ലിജോ കരിന്തകരയ്ക്കൽ എ.ഒ.**

**വാർഷിക വരിസംഖ്യ ₹ 100/-**

പ്രിന്റിംഗ്:
വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം. **Tel: 2570862**
Email: wigipress@gmail.com

**പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ച്വാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ.**
**കോട്ടയം 686 018**
**ഫോൺ: 9497588192, 0481-2578192**
**Email: psmktm@gmail.com**

## ഉള്ളടക്കം

- സ്ലീവായുടെ ചൈതന്യം പരിശുദ്ധ കുർബാനയിൽ 05
- സഭാജീവിതം : സ്വർഗത്തിന്റെ മുന്നാസ്വാദനം 08
- കരുണ നൽകുന്ന ആശ്വാസം 11
- ഉണർവ്വുള്ളവരാകാം...ഉറുമ്പുകളെപ്പോലെ... 13
- ഒരു ഇടയ വിലാപം 15
- വിശുദ്ധിയുടെ മുത്തുകൾക്ക് 18-19
- ലോകത്തിലെ വലിയ അത്ഭുതം 20
- തൊഴിലും തൊഴിലിടങ്ങളും സന്തോഷ ഭരിതമാകട്ടെ 23
- തട്ടിമാറ്റപ്പെടുന്ന കൈകൾ 27
- സെനക്കിൾ തരംഗം 29
- തടവറയിലെ ജീവിതങ്ങൾ 30
- കൂടെയുള്ള ദൈവം 33
- അമ്മയോടൊപ്പം അനുഗ്രഹവഴിയേ 34

എഡിറ്റോറിയൽ

# സ്വർഗത്തിലെ വിളവ്

സ്ലീവായുടെ മഹത്ത്വവും, യുഗാന്ത്യോന്മുഖജീ
വിതവുമൊക്കെ ധ്യാനവിഷയമാക്കുവാൻ ഏലിയാ-സ്ലീവാ,
മൂശെക്കാലത്തിലേക്ക് നാം ഒരിക്കൽക്കൂടി പ്രവേശിച്ചിരി
ക്കുന്നു. തന്റെ മക്കൾ ഈ കാലയളവിൽ മനനം ചെയ്യേണ്ട
സത്ചിന്തകളും അനുവർത്തിക്കേണ്ട ജീവിതശൈലിയുമെല്ലാം
ആത്മീയ അമ്യതായ യാമപ്രാർത്ഥനകളിലൂടെ തിരുസ്സഭാ
മാതാവ് നല്കുന്നുണ്ട്.

യുഗാന്ത്യോന്മുഖതയെക്കുറിച്ച് കൂടുതലായി ചിന്തി
ക്കുന്ന ഏലിയാ-സ്ലീവാ, മൂശെക്കാലത്ത്, വയലിലെ സമൃ
ദ്ധമായ വിളവു സംഭരിച്ച്, തിന്നുകുടിച്ച് ആനന്ദിക്കാനൊ
രുങ്ങിയ ഭോഷനായ ധനികനെപ്പോലെയാകരുത് (ലൂക്കാ
12,16-21) എന്ന ഈശോയുടെ ആഹ്വാനത്തിന് വലിയ പ്രസ
ക്തിയുണ്ട്. പേരും പെരുമയും ധനവും സ്ഥാനവുമെല്ലാം
ലോകസമ്പത്തിലുൾപ്പെടുന്നുണ്ട്. ലോകവയലുകളിലെ
ഇത്തരം വിളവുകളുടെ സമൃദ്ധിയിലല്ല, സ്വർഗത്തിലെ വിള
വിന്റെ സമൃദ്ധിയിലാണ് നാം ആനന്ദിക്കേണ്ടത്. ഈ ലോക
ത്തിൽ നല്ല ഫലങ്ങൾ കായ്ക്കുന്ന വൃക്ഷങ്ങളായി നാം
തീർന്നാൽ അത് സ്വർഗത്തിൽ കരുതിവയ്ക്കപ്പെടുന്ന
നിക്ഷേപങ്ങളായി മാറും (മത്താ 6,20). പാഴ്മരങ്ങളും
ചീത്തഫലങ്ങൾ പുറപ്പെടുവിക്കുന്ന മരങ്ങളും ആകാതി
രിക്കാൻ നമുക്കു പ്രത്യേകം ശ്രദ്ധിക്കാം. ദൈവദൃഷ്ടിയിൽ
നല്ല ഫലങ്ങൾ നിറഞ്ഞവരായി നാം എപ്പോഴും കാണ
പ്പെടണം. അത്തിപ്പഴങ്ങളുടെ കാലമല്ലാതിരുന്നിട്ടുകൂടി,
ഈശോ അത്തിമരത്തിൽ ഫലങ്ങളന്വേഷിച്ചു (മർക്കോ 11,13)
എന്നത് മറക്കാതിരിക്കാം. കാരണം 'അവന് വിശക്കുന്നു
ണ്ടായിരുന്നു' (മർക്കോ 11,12). ഋതുഭേദങ്ങളനുസരിച്ചുമാത്രം
ഫലങ്ങൾ പുറപ്പെടുവിക്കുന്ന വൃക്ഷങ്ങളാകേണ്ടവരല്ല നാം.
ദൈവം അന്വേഷിക്കുമ്പോഴൊക്കെ നിറഫലങ്ങൾ ചൂടിനി
ല്ക്കുന്നവരാകണം. എങ്കിൽമാത്രമേ നമ്മുടെയും സഹോ
ദരങ്ങളുടെയും ആത്മാക്കൾക്കുവേണ്ടിയുള്ള ദൈവത്തിന്റെ
വിശപ്പും ദാഹവും ശമിപ്പിക്കുവാൻ നമുക്കു സാധിക്കൂ...
ഓരോരുത്തരുടെയും ജീവിതത്തിൽ വ്യക്തിപരമായുണ്ടാ
കുന്ന കർത്താവിന്റെ രണ്ടാം ആഗമനത്തെ ശാന്തതയോടെ
സ്വീകരിക്കാൻ സാധിക്കൂ...

ചീഫ് എഡിറ്റർ

# സ്ലീവായുടെ ചൈതന്യം പരിശുദ്ധ കുർബാനയിൽ



സി. കൊച്ചുത്രേസ്യാ ചേലക്കുന്നേൽ SST,
ബേത്തോമാ ദയറ, പാലമറ്റം

പൗരസ്ത്യസുറിയാനി ആരാധനാവത്സരമനുസരിച്ച് ഏലിയാ-സ്ലീവാക്കാലത്തിൽ മാർ സ്ലീവായുടെ ശക്തിയും നിരന്തര സാന്നിധ്യവും നമ്മൾ ധ്യാനവിഷയമാക്കുന്നു. ഈ കാലത്തിലെ വളരെ പ്രധാനപ്പെട്ട ഒരു തിരുനാൾ ആണ് സെപ്തംബർ 14-ാം തീയതി നമ്മൾ ആഘോഷിക്കുന്ന വി. സ്ലീവായുടെ പുകഴ്ചയുടെ തിരുനാൾ. വി. കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ അമ്മ ഹെലേനാ രാജ്ഞി എ.ഡി. 320-ൽ സെപ്തംബർ 13-ന് വി. സ്ലീവാ കണ്ടെത്തി എന്ന പാരമ്പര്യത്തിൽനിന്ന് പൗരസ്ത്യസുറിയാനിസഭ ഈ ദിവസത്തെ 'വി. സ്ലീവാ കണ്ടെത്തിയ തിരുനാൾ' എന്ന പേരിൽ ആചരിച്ചിരുന്നു. എന്നാൽ ഉദയംപേരൂർ സൂനഹദോസിന്റെ നിശ്ചയപ്രകാരം സെപ്തംബർ 14-ന് "സ്ലീവായുടെ പുകഴ്ച" എന്ന പേരു നൽകി. നമ്മുടെ

കർത്താവിന്റെ രണ്ടാമത്തെ ആഗമനത്തിനു മുമ്പായി രക്ഷയുടെ അടയാളമായ വി. സ്ലീവാ ആകാശത്തിൽ പ്രത്യക്ഷപ്പെടുമെന്ന വിശ്വാസത്തിൽ രക്ഷയുടെയും വിജയത്തിന്റെയും അടയാളമായ വി. സ്ലീവായുടെ തിരുനാൾ നമ്മൾ ആചരിക്കുന്നു.



'സ്ലീവാ' എന്ന സുറിയാനിപദത്തിന്റെ അർത്ഥം 'ക്രൂശിതൻ' എന്നാണ്. പൗരസ്ത്യസുറിയാനിക്കാരായ നമുക്ക് സ്ലീവാ കർത്താവുതന്നെയാണ്. അതുകൊണ്ട് സ്ലീവായെ നാം "മാർ സ്ലീവാ" എന്നാണ് അഭിസംബോധന ചെയ്യുക. ദിവ്യരഹസ്യങ്ങളുടെ ആഘോഷമായ പരിശുദ്ധ കുർബാനയിലെ പ്രാർത്ഥനകളിലൂടെ നമ്മൾ വിശ്വാസപൂർവം കടന്നുപോകുമ്പോൾ വി. സ്ലീവായ്ക്കുള്ള പ്രാധാന്യവും പ്രശസ്തിയും നമ്മുടെ മുമ്പിൽ തെളിഞ്ഞുനിൽക്കുന്ന വലിയൊരു യാഥാർത്ഥ്യമായി നമുക്കനുഭവപ്പെടുന്നു. നമ്മുടെ പരിശുദ്ധ കുർബാനയ്ക്ക് പൊതുവായി 7 ശുശ്രൂഷാ ഭാഗങ്ങൾ ആണ് ഉള്ളത്. ഈ ഏഴു ഭാഗങ്ങളിലും വി. സ്ലീവായ്ക്കുള്ള പ്രാധാന്യം വളരെ വ്യക്തമായി കാണുവാൻ സാധിക്കും. ആദ്യമായിത്തന്നെ നമ്മുടെ ദൈവാലയങ്ങളിൽ ഏറ്റം പ്രാധാന്യമേറിയ സ്ഥലമായ വി. ബലിപീഠത്തിന്റെ മദ്ധ്യത്തിൽ ഉത്ഥിതനായ ഈശോമിശിഹായുടെ പ്രതീകമായ മാർത്തോമ്മാ സ്ലീവാ പ്രതിഷ്ഠിച്ചിരിക്കുന്നു. പരി. കുർബാനയ്ക്ക് വൈദികൻ അണിയുന്ന തിരുവസ്ത്രങ്ങൾ സ്ലീവായാൽ അലംകൃതമാണ് (സന്ദേ, പൈന). പരി. കുർബാനയിൽ പുരോഹിതൻ പലപ്രാവശ്യം കൈകൾ വിരിച്ചുപിടിച്ചു പ്രാർത്ഥിക്കുന്നത്, ഈശോമിശിഹായുടെ സ്ലീവായേയും അവന്റെ സ്ലീവാമരണത്തേയുമാണ് സൂചിപ്പിക്കുന്നത്. വി.സ്ലീവാ ചുംബനത്തിലൂടെ വി.സ്ലീവാവഴി നമുക്കു ലഭിച്ച രക്ഷയെ അനുസ്മരിച്ച് നമ്മൾ ഉത്ഥിതന്റെ പ്രതീകമായ വി.സ്ലീവായെ ചുംബിക്കുന്നു. സ്ലീവാവണക്കഗീതത്തിൽ വി. സ്ലീവാ എല്ലാ അനുഗ്രഹങ്ങളുടെയും ഉറവിടവും, നമ്മുടെ ഉറപ്പുള്ള കോട്ടയും ആയതിനാൽ വി. സ്ലീവാവഴി നമുക്ക് സാത്താനെയും അവന്റെ കെണികളേയും പരാജയപ്പെടുത്താൻ സാധിക്കും എന്നു നമ്മൾ വിശ്വസിച്ച് ഏറ്റു ചൊല്ലുന്നു.

വചനശുശ്രൂഷയിൽ നിയമ-പ്രവാചക ഗ്രന്ഥങ്ങളും ലേഖനവും വായിക്കുമ്പോൾ കാർമ്മികൻ വി. സ്ലീവായുടെ അടയാളത്താൽ ശുശ്രൂഷികളെ ആശീർവദിക്കുകയും വി. സുവിശേഷ വായനയ്ക്ക് മുമ്പുള്ള ധൂപത്തെ വി. സ്ലീവായാൽ ആശീർവദിക്കുകയും, സുവിശേഷവായനയ്ക്കു മുമ്പായി സമാധാനം വി. സ്ലീവായുടെ അടയാളത്തിൽ വിശ്വാസികളുടെ സമൂഹത്തെ ആശീർവദിക്കുകയും വിശ്വാസികൾ സ്വയം സ്ലീവായുടെ അടയാളത്താൽ ആശീർവദിക്കുകയും ചെയ്യുന്നു. ഒരുക്കശുശ്രൂഷയിൽ കാസയേയും പീലാസായേയും കാർമ്മികൻ വി. സ്ലീവായുടെ അടയാളത്താൽ ആശീർവദിക്കുന്നു. തുടർന്ന് റൂഹാക്ഷണ

പ്രാർത്ഥനയ്ക്കൊരുക്കമായി കാർമ്മികൻ - ഹൈക്കലായുടെ മദ്ധ്യേ മാർത്തോമ്മാ സ്ലീവായുടെ അടയാളമുള്ള വിരിപ്പിൻമേൻ 12 പ്രാവശ്യം ചുംബിച്ചു പ്രാർത്ഥിക്കുന്നു. ഓനീസാ-ദ്-റാസേയിൽ നമ്മുടെ കർത്താവിന്റെ സ്ലീവാ വഹിച്ചുകൊണ്ടുള്ള യാത്രയും, വിശ്വാസപ്രമാണത്തിൽ നമ്മുടെ കർത്താവീശോമിശിഹായുടെ സ്ലീവായിലുള്ള മരണത്തേയും നാം വിശ്വസിച്ചേറ്റു പറയുന്നു.

തുടർന്നുള്ള അനാഫൊറായിലെ പ്രാർത്ഥനകളിൽ - കാർമ്മികൻ വി.ബലിപീഠം ചുംബിച്ചശേഷം വി.സ്ലീവായുടെ അടയാളത്തിൽ സമാധാനം ആശംസിക്കുന്നു. വിഭജന ശുശ്രൂഷയിൽ കാർമ്മികൻ തിരുകാസയിലുള്ള അമൂല്യമായ രക്തത്തെ കർത്താവിന്റെ ജീവദായകമായ ശരീരംകൊണ്ടും അവിടുത്തെ തിരുശരീരത്തെ പാപമോചകമായ രക്തംകൊണ്ടും വി. സ്ലീവായുടെ അടയാളത്താൽ റൂശ്മാ ചെയ്യുന്നു. തിരുവോസ്തിയുടെ ഭാഗങ്ങൾ ഒന്നിനുമീതെയൊന്നായി വി.സ്ലീവായുടെ ആകൃതിയിൽവച്ച് സ്വന്തം നെറ്റിത്തടത്തിലും തുടർന്ന് ശുശ്രൂഷികളുടെ നെറ്റിത്തടങ്ങളിലും വി.സ്ലീവാ അടയാളം വരച്ച് പ്രാർത്ഥിക്കുന്നു. കർത്തൃപ്രാർത്ഥനയുടെ അവസാനത്തിൽ കാർമ്മികൻ തന്റെമേൽ സ്ലീവായടയാളംവരച്ച്, സമാധാനം വി. സ്ലീവായുടെ അടയാളത്തിൽ ദൈവജനത്തിനുനല്കി അവരെ ആശീർവദിക്കുന്നു.

ഹൂത്താമ്മ പ്രാർത്ഥനയുടെ അവസാനത്തിൽ കാർമ്മികൻ വി. സ്ലീവായുടെ സജീവമായ അടയാളത്താൽ ദൈവജനത്തെ ആശീർവദിച്ചു മുദ്രിതരാക്കുന്നു. നമ്മുടെ ദൈവവും കർത്താവുമായ ഈശോമിശിഹായുടെ സ്ലീവാ സ്വർഗ്ഗവാസികളിലും ഭൂവാസികളിലും ഒരുപോലെ വിസ്മയം ജനിപ്പിക്കുന്നു. വി. സ്ലീവാ നമ്മെ വീണ്ടെടുക്കുകയും നമുക്കു വിജയംനേടിത്തരുകയും നമ്മെ നവീകരിക്കുകയും ദൈവവുമായി നമ്മെ അനുരഞ്ജിപ്പിക്കുകയും ചെയ്തു. ജീവിക്കുന്നവനായ ഈശോമിശിഹാ നമ്മെ അന്വേഷിച്ചിറങ്ങുകയും നഷ്ടപ്പെട്ടുപോയ നമ്മുടെ ജീവനെ കണ്ടെത്തി രക്ഷിക്കുകയും ചെയ്തു. ആയതിനാൽ ദൈവദൂതന്മാരാൽ പരിസേവിതനായി വി. സ്ലീവായുടെ അടയാളത്താൽ വാനമേഘങ്ങളിൽ ആഗതനാകുന്ന മിശിഹായെ സ്വീകരിക്കുവാൻ നമുക്ക് ഒരുങ്ങാം. രക്ഷയുടെ അച്ചാരവും എല്ലാ നന്മകളുടെയും ഉറവിടവുമായ വി. സ്ലീവാവഴി ദുഷ്ടന്റെ കെണികളെ തോൽപ്പിക്കാനും സ്വർഗ്ഗരാജ്യത്തിനവകാശികളായിതീരുവാനും നമുക്കു പരിശ്രമിക്കാം.

ചുരുക്കത്തിൽ ഓരോ പരി. കുർബാനയർപ്പണവും നാം ആഘോഷിക്കുമ്പോൾ അനേകംതവണ നമ്മൾ വി. സ്ലീവായാൽ മുദ്രിതരാകുന്നുണ്ട്. ആ അവസരങ്ങളിലെല്ലാം ബോധപൂർവം മാർ സ്ലീവായെ നമ്മുടെ ജീവിതത്തിൽ ഏറ്റുപറയുവാനും നമ്മുടെ ജീവിതംകൊണ്ട് അവനെ ഏറ്റുപറയുവാനും നമുക്ക് ശ്രമിക്കാം.

*ക്രൂശിതനെ ഏറ്റുപറയുന്നതിൽ നമുക്കു ലജ്ജിക്കാതിരിക്കാം. നമ്മുടെ നെറ്റിത്തടങ്ങൾ വിരലുകൾകൊണ്ട് ആത്മധൈര്യത്തോടെ മുദ്രയടിക്കാം.*

*ജറുസലേമിലെ വി. സിറിൽ*

# സഭാജീവിതം: സ്വർഗത്തിന്റെ മുന്നാസ്വാദനം





മല്പാൻ ഫാദർ മാത്യു വെള്ളാനിക്കൽ

തന്റെ വേർപാടിൽ ദുഃഖിതരും അസ്വസ്ഥരുമായ ശിഷ്യരെ ആശ്വസിപ്പിച്ചുകൊണ്ട് ഈശോ പറയുന്നു: "നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ട. ദൈവത്തിൽ വിശ്വസിക്കുവിൻ; എന്നിലും വിശ്വസിക്കുവിൻ. എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങളുണ്ട്. ഇല്ലായിരുന്നുവെങ്കിൽ നിങ്ങൾക്കു സ്ഥലമൊരുക്കുവാൻ പോകുന്നുവെന്ന് ഞാൻ നിങ്ങളോടു പറയുമായിരുന്നോ? ഞാൻ നിങ്ങൾക്കു സ്ഥലമൊരുക്കിക്കഴിയുമ്പോൾ ഞാൻ ആയിരിക്കുന്നിടത്ത് നിങ്ങളും ആയിരിക്കേണ്ടതിനു ഞാൻ വീണ്ടും വന്ന് നിങ്ങളെയും കൂട്ടിക്കൊണ്ടു പോകും"

(യോഹ 14,1-3). ശിഷ്യരുടെ സമൂഹമാകുന്ന സഭയുടെ ജീവിതം സ്വർഗത്തിന്റെ മുന്നാസ്വാദനം ഉൾക്കൊള്ളുന്ന ഒരു ജീവിതമാണെന്ന് ഈ വാക്കുകൾ സൂചിപ്പിക്കുന്നുണ്ട്. മനുഷ്യന് എന്നും അസ്വസ്ഥതയുളവാക്കുന്ന യാഥാർത്ഥ്യമാണ് മരണം. മരണം വേർപാടാണെങ്കിൽ ഉത്ഥാനം തിരിച്ചുവരവാണ്. തന്റെ മരണത്തിലൂടെയുള്ള വേർപാടിൽ അസ്വസ്ഥരായ ശിഷ്യർക്ക് ഉത്ഥാനത്തിലൂടെയുള്ള തിരിച്ചുവരവിനെക്കുറിച്ചുള്ള ഉറപ്പുകൊടുത്തുകൊണ്ടാണ് ഈശോ അവരെ ആശ്വസിപ്പിക്കുന്നത്. ഈ തിരിച്ചുവരവിന്റെ അനുഭവം സ്വർഗത്തിന്റെ മുന്നാസ്വാദനമാണ്. അത് സഭാംഗങ്ങൾക്ക് പല വിധത്തിൽ അനുഭവിക്കാൻ കഴിയുമെന്നതിന് ഈ അദ്ധ്യായത്തിൽ സൂചനകളുണ്ട്.

## സ്വർഗവും ദൈവൈക്യജീവിതവും

സ്വർഗത്തെ പിതാവിന്റെ ഭവനമായിട്ടാണ് ഈശോ വിശേഷിപ്പിക്കുക. അവിടെ അനേകം വാസസ്ഥലങ്ങളുണ്ടെന്നും, തന്റെ പീഡാനുഭവ-മരണ-ഉത്ഥാനത്തിലൂടെ അവിടെ ശിഷ്യർക്കു സ്ഥലമൊരുക്കുമെന്നും ഈശോ പറയുന്നു. അവരുടെ ജീവിതാന്ത്യത്തിൽ അവിടേക്ക് ഈശോ അവരെ കൂട്ടിക്കൊണ്ടുപോകുകയും ചെയ്യും. ഇവിടെ 'വാസസ്ഥലം' എന്നതിന് ഉപയോഗിച്ചിരിക്കുന്നത് ഗ്രീക്കിലെ 'മോനായി' എന്ന വാക്കാണ്. ഇത് 'വസിക്കുക' എന്നർത്ഥം വരുന്ന 'മേനെയിൻ' എന്ന ക്രിയയിൽനിന്നും വരുന്നതാണ്. ഈശോയും ശിഷ്യരും തമ്മിലുള്ള സഹവാസത്തെ കുറിക്കുവാനാണ് യോഹന്നാൻശ്ലീഹാ ഈ വാക്ക് ഉപയോഗിക്കുന്നത് (യോഹ 15,1-17). യോഹ 14,23 ൽ പിതാവും പുത്രനും ശിഷ്യരും തമ്മിലുള്ള സഹവാസത്തെ കുറിക്കുവാൻ ഏകവചനത്തിൽ ഈ വാക്ക് ഉപയോഗിച്ചിട്ടുമുണ്ട്: "എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പാലിക്കും. അപ്പോൾ എന്റെ പിതാവ് അവനെ സ്നേഹിക്കുകയും ഞങ്ങൾ അവന്റെ അടുത്തു വന്ന് അവനിൽ വാസസ്ഥലം (ഗ്രീക്കിൽ 'മോനേ') ഉറപ്പിക്കുകയും ചെയ്യും". ഓരോ ക്രൈസ്തവനിലും ക്രൈസ്തവസമൂഹത്തിലും യാഥാർത്ഥ്യമാകുന്ന ദൈവൈക്യമാണ് സ്വർഗം എന്ന് ഇതു വ്യക്തമാക്കുന്നു. ഈ ദൈവൈക്യത്തിലേക്ക് നാം പ്രവേശിപ്പിക്കപ്പെടുന്നത് മാമ്മോദീസായിലൂടെയാണ്. മാമ്മോദീസാ സ്വർഗം തുറക്കപ്പെടുന്ന അനുഭവമാണല്ലോ (ലൂക്കാ 3,21-22). അതുകൊണ്ട് സ്വർഗീയാനുഭവം ദൈവൈക്യാനുഭവമാണ്. അതിന്റെ മുന്നാസ്വാദനമാണ് സഭാകൂട്ടായ്മ.

## സ്വർഗവും മിശിഹാമാർഗജീവിതവും

പിതാവിന്റെ പക്കലെത്തുവാനുള്ള വഴിയായി ഈശോ തന്നെത്തന്നെ അവതരിപ്പിക്കുന്നു: "വഴിയും സത്യവും ജീവനും ഞാനാണ്. എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ അടുക്കലേക്കു വരുന്നില്ല" (യോഹ 14,6). ഈശോ പിതാവിലേക്കുള്ള വഴിയായിത്തീർന്നത് സത്യവും ജീവനുമായതുകൊണ്ടാണ്. ദൈവത്തെ വെളിപ്പെടുത്തുന്നവനായതുകൊണ്ട് അവിടുന്ന് സത്യമാണ്. ദൈവത്തിന്റെ ജീവൻ നല്കുന്നവനായതുകൊണ്ട് അവിടുന്ന് ജീവനാണ്. ഇപ്രകാരം പിതാവായ ദൈവത്തെ വെളിപ്പെടുത്തുകയും അവിടുത്തെ ജീവനിൽ പങ്കുചേർന്ന് അതു മറ്റുള്ളവർക്കു പ്രദാനം ചെയ്യുകയും ചെയ്യുന്നതുകൊണ്ട് ഈശോ യഥാർത്ഥത്തിൽ പിതാവിലെത്തിച്ചേരാനുള്ള വഴിയായിത്തീരുന്നു. ഈശോയാകുന്ന ഈ വഴിയിലൂടെ പ്രായോഗികമായി നമുക്ക് ഇന്നു യാത്ര ചെയ്യുവാൻ കഴിയുന്നത് സഭാജീവിതത്തിലൂടെയാണ്. കാരണം സഭയിലാണ് ഉത്ഥിതനായ ഈശോ ഇന്ന് ജീവിക്കുന്നത്. ആദിമ സഭാകാലഘട്ടത്തിൽത്തന്നെ സഭാംഗങ്ങളെ മിശിഹാമാർഗം സ്വീകരിച്ചവരെന്ന് വിശേഷിപ്പിച്ചിരുന്നല്ലോ (നട 9,2). നമ്മുടെ പൂർവികരും തോമായുടെ മാർഗത്തിൽ ചരിക്കുന്നവരെന്ന് വിശേഷിപ്പിക്കപ്പെട്ടിരുന്നു. അതുകൊണ്ട് മിശിഹായുടെ ശരീരത്തിലെ അവയവങ്ങളെന്ന നിലയിൽ നാം നയിക്കുന്ന സഭാജീവിതം മിശി

ഹാമാർഗജീവിതമാണ്. രണ്ടാമാഗമനത്തെ ഈശോ വിശേഷിപ്പിക്കുന്നത് "ഞാൻ ആയിരിക്കുന്നിടത്ത് നിങ്ങളും ആയിരിക്കേണ്ടതിന്" എന്നാണല്ലോ (യോഹ 14,3). അതുകൊണ്ട് മിശിഹാമാർഗജീവിതം സ്വർഗത്തിന്റെ മുന്നാസ്വാദനമാണ്.

## സ്വർഗവും മിശിഹായോട് ഐക്യപ്പെട്ട ജീവിതവും

മിശിഹായുടെ പ്രവൃത്തികൾ ചെയ്യുന്നവരിൽ മിശിഹായുടെ സാന്നിദ്ധ്യമുണ്ട്. "എന്നിൽ വിശ്വസിക്കുന്നവനും ഞാൻ ചെയ്യുന്ന പ്രവൃത്തികൾ ചെയ്യും" (യോഹ 14,11) എന്നു പറഞ്ഞുകൊണ്ട് സഭയിലുള്ള തന്റെ സാന്നിദ്ധ്യം ഈശോ വീണ്ടും ഉറപ്പിക്കുകയാണ്. സഭയിൽ ഈശോയുടെ സാന്നിദ്ധ്യം ഉള്ളതുകൊണ്ടാണ് ഈശോ ചെയ്ത പ്രവൃത്തികൾ അഥവാ അടയാളങ്ങൾ സഭാംഗങ്ങൾക്കും ചെയ്യുവാൻ കഴിയുന്നത്. താൻ പിതാവിന്റെ പക്കലേക്കു പോകുന്നതുകൊണ്ട് ഇപ്പോൾ ചെയ്യുന്ന പ്രവൃത്തികളെക്കാൾ വലിയവയും ശിഷ്യന്മാർ ചെയ്യുമെന്ന് ഈശോ പറയുന്നുണ്ട് (യോഹ 14,12). ഈശോ ചെയ്ത പ്രവൃത്തികൾ അടയാളങ്ങളും അത്ഭുതങ്ങളുമാണെങ്കിൽ, 'വലിയവ' ഈശോയുടെ മഹത്ത്വീകരണത്തിലൂടെ നേടിയെടുത്ത രക്ഷ അഥവാ ജീവൻ നല്കലാണ്. അടയാളങ്ങളും അത്ഭുതങ്ങളും മാത്രമല്ല, അതോടൊപ്പം ഈശോ നേടിയെടുത്ത രക്ഷയും ജീവനും നല്കുന്ന (കുർബാനയും കൂദാശകളും) സമൂഹമാണ് സഭ. അതുകൊണ്ട് സഭയിലുള്ള ഈശോയുടെ സാന്നിദ്ധ്യം പ്രകടമായി അനുഭവതലത്തിൽ ഉൾക്കൊള്ളുവാൻ നമുക്കു കഴിയും. അതുപോലെതന്നെ ഈശോയുടെ നാമത്തിലുള്ള അഥവാ ഈശോയുമായുള്ള ഐക്യത്തിലുള്ള പ്രാർത്ഥനയാണ് സഭയുടെ പ്രാർത്ഥനകൾ. അതുകൊണ്ട് സഭയുടെ കൂട്ടായ്മാജീവിതത്തിലും പ്രാർത്ഥനാജീവിതത്തിലും പങ്കുചേരുന്നതിലൂടെ നാം ഈശോയുടെ സജീവസാന്നിദ്ധ്യം അനുഭവിച്ചറിയുന്നു. ഇപ്രകാരം മിശിഹായോട് ഐക്യപ്പെട്ട സഭാജീവിതം നമുക്ക് സ്വർഗത്തിന്റെ മുന്നാസ്വാദനമാണ്.

## സ്വർഗവും അരൂപിയിലുള്ള ജീവിതവും

തന്റെ ഉത്ഥാനത്തിനുശേഷം ശിഷ്യർക്കു നല്കാനിരിക്കുന്ന പരിശുദ്ധാരൂപിയെക്കുറിച്ചാണ് യോഹ 14,15-17 ൽ ഈശോ പറയുന്നത്. ലോകത്തിനു സ്വീകരിക്കാൻ കഴിയാത്ത ഈ പരിശുദ്ധാരൂപി സഭാംഗങ്ങൾക്കുമാത്രം നല്കപ്പെടുന്ന അരൂപിയാണ്. അത് ഈശോമിശിഹായുടെ അരൂപിയുമാണ്. ഉത്ഥാനശേഷം ശിഷ്യന്മാരുടെമേൽ നിശ്വസിച്ചുകൊണ്ടാണ് അവിടുന്ന് പരിശുദ്ധാരൂപിയെ കൊടുത്തത് (യോഹ 20,22-23). നിശ്വസനം ജീവനാണല്ലോ. 'യോഹന്നാന്റെ പന്തക്കുസ്താ' എന്നറിയപ്പെടുന്ന ഈ ഭാഗം നമ്മെ ഓർമ്മിപ്പിക്കുന്നത്, പരിശുദ്ധാരൂപി ഈശോയുടെ അരൂപിതന്നെയാണ് എന്നതാണ്. ആ അരൂപിയെ നല്കി ഈശോയുടെ ദൗത്യം -പാപം നീക്കിക്കളയുന്ന ദൗത്യം- നിർവഹിക്കുവാൻ തന്റെ ശിഷ്യരെ ഈശോ ആഹ്വാനം ചെയ്യുന്നു. അരൂപിയെ വാഗ്ദാനം ചെയ്തതിനുശേഷം ഈശോതന്നെ ശിഷ്യരുടെ പക്കലേക്കു വരുമെന്ന് എടുത്തുപറയുന്നുണ്ടല്ലോ: "ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല. ഞാൻ നിങ്ങളുടെ അടുത്തേക്കു വരും" (യോഹ 14,18). അതുകൊണ്ട് പരിശുദ്ധ കുർബാനയിലൂടെയും പാപമോചനം നല്കുന്ന കൂദാശകളിലൂടെയും ഈശോതന്നെ സഭയിൽ സന്നിഹിതനാകുന്നു. ശരിയായ കൗദാശികജീവിതം നയിച്ചുകൊണ്ട് മിശിഹായുടെ ഈ സാന്നിദ്ധ്യം നമുക്ക് അനുഭവിച്ചറിയാം. ഈ മിശിഹാനുഭവവും സ്വർഗത്തിന്റെ ഒരു മുന്നാസ്വാദനമാണ്. ഇപ്രകാരം സജീവമായി സഭാജീവിതം നയിച്ചുകൊണ്ട് സ്വർഗത്തിന്റെ മുന്നാസ്വാദനം അനുഭവിക്കുവാൻ സഭാംഗങ്ങളെല്ലാവരും പരിശ്രമിക്കണം.

കാരുണ്യവും കഷ്ടതയും - 6

# കരുണ നൽകുന്ന ആശ്വാസം

ഡോ. സെബാസ്റ്റ്യൻ തുണ്ടത്തിക്കുന്നേൽ വി.സി.
സുപ്പീരിയർ ജനറാൾ, ഇടപ്പള്ളി

സങ്കീർത്തകൻ പറയുന്നു: "മനുഷ്യന്റെ ജിവിതം പുല്ലുപോലെയാണ്. വയലിലെ പുല്ലുപോലെ അതു വിരിയുന്നു. എന്നാൽ കാറ്റടിക്കുമ്പോൾ അതു കൊഴിഞ്ഞുപോകുന്നു" (സങ്കീ 103,15-16). ആ ചെറുചെടിയിലുണ്ടാകുന്ന മനോഹരപുഷ്പം അല്പനേരത്തേക്കെങ്കിലും മറ്റുള്ളവർക്കുകൊടുക്കുന്ന സന്തോഷം എത്രയോ വലുതാണ്. അതുപോലെ പ്രതിസന്ധികളിൽ നട്ടംതിരിയുന്ന വ്യക്തികൾക്കും കുടുംബങ്ങൾക്കും ആശ്വാസത്തിന്റെയും കാരുണ്യത്തിന്റെയും ഒരു വാക്കോ പ്രവൃത്തിയോ ചെലുത്തുന്ന സ്വാധീനം വളരെ വലുതാണ്.



ഓരോ വ്യക്തിക്കും അവരുടേതായ ജീവിതഭാരങ്ങളും സമ്പന്നതയുമുണ്ട്. അതിനാൽതന്നെ ഓരോരുത്തരുടെയും വ്യക്തിത്വം വ്യത്യസ്തവുമാണ്. സന്തോഷത്തിലും സന്താപത്തിലും ദൈവത്തിന്റെ കരുണ മനസ്സിലാക്കുവാൻ നമുക്കു കഴിയണം. എന്നാൽ ദുഃഖവേളകളിൽ ഇത് പലപ്പോഴും പ്രയാസമേറിയതായിരിക്കും. അപ്പോൾ നീതിയുടെയും സ്നേഹത്തിന്റെയും ക്ഷമയുടെയും കാരുണ്യത്തിന്റെയുമൊക്കെ സന്ദേശങ്ങളുമായി ദുഃഖിതരോടൊപ്പം അക്ഷീണം അനു

യാത്ര ചെയ്യുവാൻ നമുക്കാകണം. അതിനു പറ്റിയ മൂന്നു വേദികളാണ് വിവാഹം, കുടുംബം, മരണം.

ശ്രേഷ്ഠമായ ഒരു ദൈവവിളിയാണെങ്കിലും ഒട്ടേറെ പ്രശ്നങ്ങളും നിറഞ്ഞതാണ് വിവാഹം എന്ന ദാനം. ഈ ജീവിതയാത്രയിൽ പലപ്പോഴും സഹനങ്ങളും വഞ്ചനകളും ഏകാന്തതയും സ്ത്രീപുരുഷന്മാരെ പിടികൂടിയേക്കാം. എന്നാൽ പരസ്പരസ്നേഹവും വിശ്വസ്തതയും മാത്രമേ അവരുടെ സന്തോഷത്തിന് കാരണമാവുകയുള്ളൂ. അവിടെയാണ് കുടുംബത്തിന്റെ സന്തോഷം മാറ്റമില്ലാതെ നിലനില്ക്കുന്നത്. "കുടുംബത്തിന്റെ സന്തോഷം" എന്ന പ്രമാണരേഖയിൽ പറയുന്നതുപോലെ, "കുടുംബങ്ങൾ അനുഭവിക്കുന്ന സ്നേഹത്തിന്റെ ആനന്ദം തിരുസഭയുടെ ആനന്ദം കൂടിയാണ്" (No.1). അതിനുള്ള സാധ്യതകൾ സഫലമാക്കുവാനാണ് നാം സഹായിക്കേണ്ടത്. വിവാഹം എന്ന കൂദാശയിലൂടെയാണ് കുടുംബത്തിന്റെ മഹത്തായ സർഗ്ഗാത്മക മൂല്യം ഉയർത്തിപിടിക്കുന്നതിന് കൃപ സ്വീകരിക്കേണ്ടത്. കരുണ ശീലിക്കുന്നതിനുള്ള ഒരു അനുഗൃഹീത ഇടമാണ് കുടുംബം. കുടുംബത്തിന്റെ സങ്കീർണ്ണതയെ ഒരു യാഥാർത്ഥ്യമായി നാം അംഗീകരിക്കണം. അവയെ പരിഹരിക്കുവാൻ "ഒരിക്കലും മടുക്കാത്ത ദൈവത്തിന്റെ സ്നേഹത്തിന്റെ കാഴ്ചപ്പാടിൽ എല്ലാ മാനുഷിക പ്രശ്നങ്ങളും പരിഗണിക്കണം" (MM14).

ദൈവത്തിന്റെ കാരുണ്യാനുഭവം നാം പങ്കുവയ്ക്കേണ്ട ഒരു അവസരമാണ്, മരണത്തിന്റെ നിമിഷം. മരണത്തെ വെറുമൊരു മിഥ്യയായി പരിഗണിക്കുകയോ നിസ്സാരവത്ക്കരിക്കുകയോ അല്ല നാം ചെയ്യേണ്ടത്. വേദനാജനകമെങ്കിലും അനിവാര്യമായ ഒരു കടന്നു പോകലായി മരണത്തെ നാം കാണണം. ദൈവത്തെ കണ്ടുമുട്ടുവാൻ പോകുന്ന ആ യാത്രയിൽ മതപരമായ ഒരു സാന്നിധ്യത്തിൽ നാം അവരെ അനുയാത്ര ചെയ്യണം. മരണമടഞ്ഞവരുടെ പ്രിയപ്പെട്ടവർക്ക് സമാശ്വാസവും പ്രത്യാശയും പ്രദാനം ചെയ്യുവാനും, മരണമടഞ്ഞയാളുടെ ആത്മാവിനുവേണ്ടി പ്രാർത്ഥിക്കുവാനും മൃതസംസ്കാര ശുശ്രൂഷ കാരണമാകണം.

ഇപ്രകാരം വിവാഹവും കുടുംബവും മരണവുമൊക്കെ കർത്താവിന്റെ കാരുണ്യത്തിന്റെ ആവിഷ്ക്കാര വേദികളാവണം. വിശ്വാസനിർഭരമായ അജപാലന പ്രവർത്തനങ്ങളും ക്രൈസ്തവസമൂഹത്തിന്റെ സാമീപ്യവും ഇവിടെ കൂടുതൽ പ്രസക്തമാകുന്നു. അങ്ങനെ ദൗർബല്യത്തിന്റെയും ഏകാന്തതയുടെയും അനിശ്ചിതത്വത്തിന്റെയും ദുഃഖത്തിന്റെയും നിമിഷങ്ങളിൽ പ്രത്യാശയും കരുണ നൽകുന്ന ആശ്വാസവും അനുഭവിക്കുവാനും പങ്കുവയ്ക്കുവാനും നമുക്കാകട്ടെ.

*സുവിശേഷസന്ദേശത്തിന്റെ കേന്ദ്രം കാരുണ്യമാണ്; അതാണ് ദൈവത്തിന്റെ നാമംതന്നെ; അതുതന്നെയാണ് പഴയനിയമ ഉടമ്പടിയിലും സൃഷ്ടിപരവും രക്ഷാകരവുമായ സ്നേഹത്തിന്റെ മനുഷ്യാവതാരമായ ഈശോയിലും വെളിവാക്കപ്പെട്ട ദൈവത്തിന്റെ മുഖം*

*ബെനഡിക് പാപ്പാ*

# ഉണർവ്വുള്ളവരാകാം.... ഉറുമ്പുകളെപ്പോലെ......

**ജിസ കൂട്ടിയാനിക്കൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്



ഈ കഴിഞ്ഞ മഴക്കാലത്ത് ഉറുമ്പുകളോടായിരുന്നു യുദ്ധം. ചൊട്ടനുറുമ്പ്, ചോനലുറുമ്പ്, കട്ടുറുമ്പ്, നെയ്യുറുമ്പ് എന്നിങ്ങനെ ഉറുമ്പുകളിലെ എല്ലാ കൂട്ടങ്ങളും വീടു കൈവശമാക്കിയപ്പോൾ കരിച്ചും പുകച്ചും, വിഷമടിച്ചും അവയെ പുറത്താക്കാനായിരുന്നു ശ്രമം. ഫലം നിരാശ. അവയെല്ലാം കൂടുതൽ ഉത്സാഹത്തോടെ വീടെടുത്ത് തലയിൽ വച്ച് നൃത്തം വയ്ക്കുന്ന കാഴ്ച. ഭക്ഷണ സാധനമെല്ലാം വെള്ളത്തിൽ തൂണുകൾ സ്ഥാപിച്ച് പൊക്കിവയ്ക്കേണ്ട ഗതികേട്. ഈ ഇത്തിരി കുഞ്ഞൻമാരുടെ മുൻപിൽ അടിയറവു വയ്ക്കേണ്ടി വന്നതിന്റെ മനോവേദന. എല്ലാ പ്രതിബന്ധങ്ങളെയും അതിജീവിച്ചതിന്റെ ആവേശവുമായി അവ ആഘോഷിച്ചു നീങ്ങുമ്പോൾ തിരുവചനം ഹൃദയത്തിൽ പൊങ്ങി വരുന്നു. “മടിയനായ മനുഷ്യാ, എറുമ്പിന്റെ പ്രവൃത്തി കണ്ടു വിവേകിയാകുക.” (സുഭാ 6,6).

ഭാവിയെപ്രതി ഇത്രയും ഉത്സാഹത്തോടെ പ്രവർത്തിക്കുന്ന, ഉണർവുള്ള മറ്റൊരു ജീവി ഉണ്ടെന്നു തോന്നുന്നില്ല. തങ്ങൾക്ക് പ്രിയപ്പെട്ടതെന്തെങ്കിലും ഉണ്ടെന്ന സൂചന കിട്ടിയാൽ നൊടിയിടയിൽ ഒരു സൈന്യ

മായി അവയെത്തുകയായി. ശണ്ഠകൂടാതെ കിട്ടുന്നവ പങ്കു വയ്ക്കുവാനും, ശരീരത്ത ക്കാൾ ഇരട്ടി ഭാരമുള്ളവ ചുമന്നുകൊണ്ടു പോയി മാളത്തിലൊളിപ്പിക്കാനുമുള്ള അവ യുടെ വിരുത് അപാരം തന്നെ. എത്ര വലിയ വസ്തുവിനേയും, ഒന്നുചേർന്നു വലിച്ചുകൊ ണ്ടുപോകാനുള്ള ക്ഷമയും, നിരതെറ്റാതെ ക്രമമായി സഞ്ചരിക്കാനുള്ള അച്ചടക്കവും ആരിവരെ പഠിപ്പിച്ചു? ഭൂമിക്കടിയിലെ മാള ത്തിൽ നിന്ന് ഓരോ മൺതരിയുംപൊക്കിയെ ടുത്ത് പുറത്തു കൊണ്ടുവന്ന് അടുക്കി വയ്ക്കാൻ ആരിവർക്ക് പരിശീലനം നല്കി? രാത്രി ഉറക്കമില്ലാതെ ഉണർവ്വോടെ ലക്ഷ്യ ത്തിനു വേണ്ടി പ്രവർത്തിക്കുന്ന ഉറുമ്പിനെ നോക്കി പാഠങ്ങൾ പഠിക്കാതെവയ്യ.

ഏലിയാ-സ്ലീവാ, മൂശെക്കാലങ്ങൾ നമ്മെ പഠി പ്പിക്കുന്നതും മറ്റൊന്നല്ല, ഉണർവ്വിന്റെ പാഠം തന്നെ. ഈ ലോക യാഥാർത്ഥ്യങ്ങൾക്കുവേ ണ്ടിയുള്ള ഉണർവ്വല്ല, മറിച്ച് വരാനിരിക്കുന്ന വലിയ മഹത്ത്വത്തെ സ്വീകരിക്കാനുള്ള ഉണർവ്വാണത്. യജമാനനുവേണ്ടി ഉണർന്നിരി ക്കുന്ന ദാസനെയും മണവാളന്റെ വരവിനായി കത്തിച്ച വിളക്കുമായി കാത്തിരിക്കുന്ന കന്യ കമാരെയും കർത്താവ് ശ്ലാഘിക്കുന്നത് തിരു വചനത്തിൽ നാം കാണുന്നു. എന്താണീ ഉണർവ്വ്? ലക്ഷ്യം നേടാനുള്ള ഹൃദയത്തിന്റെ സന്തോഷവും തയ്യാറെടുപ്പുമാണിത്. ഇന്നിന്റെ മനുഷ്യനും ഉണർവ്വിന്റെ ലോകത്താണ്. പക്ഷേ നശ്വരമായ യാഥാർത്ഥ്യങ്ങൾക്കു വേണ്ടിയാ ണെന്നു മാത്രം. അതവനെ നിരാശയുടെ പടി ക്കലെത്തിക്കുന്നു. കാരണം മറ്റൊന്നല്ല, ക്ഷമയോടുകൂടി അധ്വാനിക്കുവാനും, ജീവിത ത്തിൽ അച്ചടക്കം പാലിക്കുവാനും അവന് കഴി യുന്നില്ല എന്നതുതന്നെ. എല്ലാം കൈവി രൽത്തുമ്പിൽ വളരെ വേഗം വേണമെന്നാണ വന്റെ ആഗ്രഹം. തിരുവചനം പറയുന്നതു പോലെ ഉറുമ്പിനെ കണ്ടു വിവേകിയാകാൻ അവന് കഴിഞ്ഞിരുന്നെങ്കിൽ!



## നിന്നെയും വിളിക്കുന്നു.....

☞ നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകത്തിലേക്ക്....

☞ വിശുദ്ധിയിലേക്ക് നമ്മെ വിളിച്ചിരിക്കുന്ന ദൈവപിതാവിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹം വചനാനുഭവത്തിലൂടെ പങ്കു വയ്ക്കുവാൻ....

☞ കർമ്മമാർഗ്ഗത്തിലൂടെ ഈശ്വരാനുഭവത്തിലേക്ക് മനുഷ്യമ ക്കളെ കൂട്ടിക്കൊണ്ടുവരാൻ....

**ഇതാ നിന്റെ മുമ്പിൽ വെല്ലുവിളിയുടെ ഒരു ജീവിതം....**

**Vocation Promoter, Apostolic Oblates, Spirituality Centre**
**Manganam P.O., , Kottayam - 686 018, Ph: 0481-2578192**

# ഒരു ഇടയവിലാപം

**ഡോ. തോമസ് പൂവത്താനിക്കുന്നേൽ**
റെക്ടർ, മേരിമാതാ മൈനർ സെമിനാരി, കാഞ്ഞിരപ്പള്ളി



''പീലാത്തോസ് പറഞ്ഞു: ഞാൻ യഹൂദനല്ലല്ലോ; നിന്റെ ജനങ്ങളും പുരോഹിത പ്രമുഖന്മാരുമാണ് നിന്നെ എനിക്ക് ഏൽപിച്ചു തന്നത്" (യോഹ 18,35). പീലാത്തോസിന്റെ ഈ വാക്കുകൾ തിരുവചന ഭാഗമായി എനിക്കു ലഭിച്ചിരിക്കുന്നുവെങ്കിൽ സജീവവും ഊർജ്ജ്വസ്വലവുമായ ഈ ദൈവവചനം (ഹെബ്രാ 4,12) ഇന്നും എവിടൊക്കെയോ ആരിലൂടെയോ എന്നെ നോക്കി, സഭയെ നോക്കി ചോദിക്കുന്നത് നാം കേൾക്കുന്നുണ്ടോ? സഭാപീഡകനായിരുന്ന സാവൂളിനോട് ചോദിക്കപ്പെട്ട വാക്കുകൾ... "സാവൂൾ, സാവൂൾ, നീ എന്തിന് എന്നെ പീഡിപ്പിക്കുന്നു?" (നട 9,4). ഇത് ഇന്ന് എന്നോടും ആരൊക്കെയോ ചോദിക്കുന്നുണ്ടോ? "പുറമെനിന്ന് ഉള്ളിലേക്ക് കടന്ന്, ഒരുവനെ അശുദ്ധനാക്കാൻ ഒന്നിനും കഴിയുകയില്ല. എന്നാൽ ഉള്ളിൽ നിന്നു പുറപ്പെടുന്നവയാണ് ഒരുവനെ അശുദ്ധനാക്കുന്നത്" (മർക്കോ 7,15) എന്ന് എന്നെ ഉദ്ബോധിപ്പിക്കുന്നത് എൻെറ നാഥനും രക്ഷകനുമായ കർത്താവീശോമിശിഹായാണെങ്കിൽ ഈ വാക്കുകളുടെ പൊരുൾ കണ്ടെത്തുവാനും തദനുസാരം ജീവിതക്രമീകരണം നടത്തുവാനും ഞാനിനിയും അമാന്തിക്കുന്നത് ഉചിതമോ?

"ജറുസലേം പുത്രിമാരേ, എന്നെപ്രതി നിങ്ങൾ കരയേണ്ട. നിങ്ങളെയും നിങ്ങളുടെ മക്കളെയും പ്രതി കരയുവിൻ" (ലൂക്കാ 23,28). ഈശോയെയോ അവിടുത്തെ സഭയെയോ ഓർത്ത് ആരും ആകുലരാവേണ്ട. എന്നാൽ നമ്മെയും നമ്മുടെ തലമുറകളെയും ഓർത്ത് കരയണം. സഭ ആക്ഷേപിക്കപ്പെടുമ്പോൾ, പുരോഹിത പ്രമാണിമാരുടെ കുതന്ത്രങ്ങളുടെയും ചെയ്തികളുടെയും ബലിയാടുകളായി ദൈവപുത്രനെ ക്രൂശിക്കുന്നതിനായി അധികാരികളുടെ മുമ്പിൽ ആക്രോശിച്ച ദൈവജനത്തെപ്പോലെ ഇന്ന് അവിടുത്തെ മൗതികശരീരമായ സഭക്കെതിരെ ജനം സ്വരമു



യർത്തുമ്പോൾ അവർ അവിടുത്തെ സഭയെ പീഡകരുടെ കരങ്ങളിലേക്ക് വലിച്ചിഴയ്ക്കുമ്പോൾ മാറിനിൽക്കാൻ എനിക്കാവുമോ?

മക്കളുടെ അവസ്ഥയ്ക്ക് കാരണഭൂതരായവർ മാതാപിതാക്കന്മാരാണെന്ന ചിന്ത പുലർത്തി, മുമ്പിലെത്തുന്ന മാതാപിതാക്കന്മാരെ ഉത്തരവാദിത്വപ്പെട്ടവർ പള്ളിയിലും പള്ളിക്കൂടത്തിലും അകത്തും പുറത്തും കുറ്റപ്പെടുത്തുന്ന ഇന്നിന്റെ സാഹചര്യത്തിൽ ആത്മീയമക്കളുടെ ജീവിതാവസ്ഥയ്ക്കുത്തരവാദിത്വം ആത്മീയപിതാക്കന്മാർക്ക് ഏറ്റെടുക്കാതിരിക്കാനാവുമോ?

ഹൃദയത്തിലും ജീവിതത്തിലും ലാളിത്യം പുലർത്തിയവനാണ് ദൈവപുത്രൻ - പുൽക്കൂടും ആശാരിപ്പണിയും വിജനപ്രദേശവാസവും പതിതരോടും പാവങ്ങളോടും പാപികളോടും ഒന്നുചേർന്നതുമായ ലാളിത്യം. വാക്കിലും വസ്ത്രത്തിലും, വാസത്തിലും വഴിയാത്രയിലും ജീവിതത്തിന്റെ സമസ്ത മേഖലകളിലും ലളിതജീവിതശൈലി പ്രഘോഷിക്കുകയും ജീവിച്ച് സാക്ഷ്യം നൽകുകയും ചെയ്യുന്നവനാണ് സഭയുടെ തലവനും പിതാവുമായ മാർ ഫ്രാൻസിസ് പാപ്പ. കെട്ടിലും മട്ടിലും പ്രൗഢിയുടെ ശൈലി തള്ളിക്കളഞ്ഞ പിതാക്കന്മാരാൽ നയിക്കപ്പെട്ടതാണ് നമ്മുടെ സഭ. വാക്കിലും പ്രസംഗത്തിലും പൗലോസ് ശ്ലീഹാ കാട്ടുന്ന ലാളിത്യം, തന്റെ അയോഗ്യതയെ പരസ്യമായി ഏററുപറയുന്ന പൗലോസിനെ, തിരുവചനം കാട്ടിതരുന്നു. അവിടം വിട്ട്, ലാളിത്യം ഹൃദയത്തിന്റെ ഭാവമായി മാത്രം അലങ്കരിക്കുന്ന ശൈലി എനിക്കഭികാമ്യമോ?

"സത്യം നിങ്ങളെ സ്വതന്ത്രരാക്കും", ഈശോ വഴിയും സത്യവും ജീവനുമാണ്. സത്യം അതു നിത്യയാഥാർത്ഥ്യമാണ്. എങ്കിൽ സത്യത്തിനു നിരക്കാത്ത വാക്കോ പ്രവൃത്തിയോ എത്രയോ

വലിയ അപരാധം? കൈക്കൂലി നൽകുന്നതും വാങ്ങുന്നതും ഒരുപോലെ പാപമാണെന്നാണല്ലോ സഭാദർശനം. ധൂർത്ത് പാവപ്പെട്ടവനെതിരായ പാപം എന്ന് സഭാപിതാക്കന്മാർ ഉദ്ബോധിപ്പിക്കുന്നു. ഒരേ പാനപാത്രത്തിൽനിന്ന് കുടിക്കുകയും ഒരേ അപ്പത്തിൽ നിന്നും ഭക്ഷിക്കുകയും ചെയ്യുന്ന എല്ലാവരും ഒന്നാണെന്നും സഭയെ ഗ്രീക്കുകാരനെന്നോ റോമാക്കാരനെന്നോ ഉള്ള വ്യത്യസ്തതകളിൽ ദർശിക്കരുതെന്നും തിരുവചനം പഠിപ്പിക്കുന്നു. എന്നാൽ ഇന്ന് ബഹുമാനപ്പെട്ടവരും പെരിയ ബഹുമാനപ്പെട്ടവരും പൂജ്യരും അത്യുന്നതരും വന്ദ്യരും അഭിവന്ദ്യരും എന്നുവേണ്ട എന്തെല്ലാം വ്യത്യസ്തതകൾ. അവർക്കായി നിറഭേദങ്ങളും വ്യത്യസ്ത ഇരിപ്പിടങ്ങളും... ഇത്തരം തരംതിരിവുകൾ തിരുവചനത്തിലോ സഭയുടെ ശ്ലൈഹിക പാരമ്പര്യത്തിലോ അധിഷ്ഠിതമാണോ?

ലാളിത്യം എന്നത് എനിക്കു സ്വന്തമാക്കാനാവുന്നതെല്ലാം ആസ്വദിക്കാം എന്നും അപരന്റെ കാര്യത്തിലാകുമ്പോൾ അവന് ഇല്ലാത്തത് അവൻ മോഹിക്കരുത് എന്നതാണെന്നും ജീവിതത്തിലൂടെ പഠിപ്പിക്കുന്ന നവചിന്ത നിലനിൽക്കുന്നുണ്ടോ? ഉള്ളതു മുഴുവൻ എനിക്കാസ്വദിക്കാം, എന്നാൽ, ആഗ്രഹിക്കുന്നതെല്ലാം എനിക്കില്ലാതെ വരുമ്പോൾ, എന്നെക്കാൾ വലിയവൻ ആർഭാടത്തിലാണെന്നും അവനുള്ളത് എനിക്കായി പങ്കുവയ്ക്കണമെന്നും പറയുന്ന ലാളിത്യരൂപം എവിടെനിന്ന്? ഇന്ന് ഇത്തരം ചിന്തകൾ നമ്മെ ഭരിക്കുന്നുണ്ടോ?

ഒരു കുടുംബത്തിനു മുഴുവൻ വസിക്കാൻ എന്റെ വാസഗേഹത്തിന്റെ ഒരു ഭാഗത്തിന്റെ സ്ഥലം പോലും ഇല്ലാതെയുള്ള അനേകർ ഇന്നുള്ളപ്പോൾ, ദരിദ്രനായി പുൽക്കൂട്ടിൽ പിറന്നവന്റെ പ്രതിനിധിയായ എനിക്കായി പാവപ്പെട്ട വിധവകളുടെ ചെമ്പുതുട്ടുകൾ കൊണ്ടു നിറയുന്ന നേർച്ചപ്പെട്ടികൾ കൊണ്ട് നിർമ്മിക്കുന്ന രമ്യഹർമ്മ്യങ്ങളെ നോക്കി എന്തുതരം ലാളിത്യം എന്നു വിളിക്കണം? വികസനത്തിനായി കൂട്ടുചേരുന്നതാണ് സഭാശൈലി എന്നു കരുതി പ്രകൃതിയെ വികൃതമാക്കുകയോ നശിപ്പിക്കുകയോ ചെയ്യുന്ന വികസന വഴികൾ സഭയുടേതോ? വികസനമെന്നത് വികസിക്കാനാവുന്ന ചിലരുടെ മാത്രം അവകാശമായി മാറുന്ന ഇന്നത്തെ വികസന വഴി സഭയുടെ വഴിയല്ല.

കുളത്തിലിറക്കാൻ ആരുമില്ലാത്തവന്റെ അടുക്കലെത്തി അവനെ സുഖപ്പെടുത്തുന്ന, നിവർന്നുനിൽക്കാൻ കെൽപ്പില്ലാത്തവളുടെ കഷ്ടപ്പാട് ആരോരും കാണാത്തപ്പോഴും കണ്ടെത്തി സഹായിക്കുന്ന വികസനമാണ് തമ്പുരാന്റെ വികസനം. ലോകവികസനത്തിന് ത്രാണിയുള്ള ബുദ്ധിമാന്മാരെ ലക്ഷ്യംവച്ച് പരിശീലന കേന്ദ്രങ്ങൾ കെട്ടിപ്പടുക്കുകയല്ല സഭയുടെ വികസനലക്ഷ്യം. വികസനത്തിന്റെ ഫലം നുകരാൻ നാവിനു ശക്തിയില്ലാത്ത, വികസനം കാണാൻ കാഴ്ചയില്ലാത്ത, അതു സ്വീകരിക്കാൻ തക്കവിധം എഴുന്നേറ്റുനിൽക്കാൻ കെൽപ്പില്ലാത്ത അനേകരുടെ ശുശ്രൂഷയാണ് സഭയുടെ വികസനശൈലി. തിന്നുതിമിർത്ത് അന്തിയുറങ്ങാൻ എത്തുന്നവരെ കാത്തിരിക്കുകയല്ല, മററുള്ളവർ തിമിർത്ത് ചവിട്ടിമെതിച്ചതിന്റെ ഫലമായി തീറ്റ കിട്ടാതെ മുള്ളുകൾക്കിടയിൽ മുറിവേററു കിടക്കുന്നതിനെ തോളിലേറ്റി ആലയിലെത്തിക്കുന്നതിനിടയിൽ മുൾമുടിയേൽക്കുന്ന വഴിയാണ് സഭയുടെ വികസനവഴി.

ശക്തിയുള്ളതിന്റെ നിലനിൽപ്പല്ല, അശക്തരുടെ ശാക്തീകരണമാണ് സഭയുടെ ലക്ഷ്യം. വിശുദ്ധരുടെ ബഹുമാനത്തിനായി കോടികളുടെ സ്മാരകനിർമ്മാണവും തിരുനാളാഘോഷങ്ങളുമല്ല, പാപികളുടെ മാനസാന്തരവും വിശുദ്ധീകരണവുമാണ് സഭയുടെ ദൗത്യം. മണ്മറഞ്ഞവരെ വിശുദ്ധരാക്കി അവരുടെ പ്രതാപത്തിൽ ഇന്നിന്റെ കുറവുകളെ മറയ്ക്കുകയല്ല, ജീവിതക്ലേശങ്ങളിൽ അലയുന്നവരെയും വിശുദ്ധപാത വിട്ട് അലയുന്നവരെയും ചേർത്തുപിടിച്ച് മുറിവേറ്റതിനെ വച്ചുകെട്ടുതാണ് സഭയുടെ ശുശ്രൂഷ.

വിശുദ്ധരുടെ മുമ്പിലർപ്പിക്കാൻ കാഴ്ചകളുടെ വൈവിധ്യമാർന്ന നിരകൾ വർദ്ധിപ്പിക്കുകയല്ല, വിശുദ്ധരുടെ ജീവിതഫലത്തെ അശുദ്ധരിലേക്ക് നൽകുവാനാണ് സഭ നിയുക്തയായിരിക്കുന്നത്. സഭാതനയരുടെ നന്മയാണ്, സഭാസ്ഥാപനത്തിന്റെ വളർച്ചയല്ല സഭയുടെ ലക്ഷ്യം.




# 1

# കാവ

**അ**ന്ന് സ്ക്കൂൾ തുറക്കുന്ന ദിവസമായിരുന്നു. നേരിയ ചാറ്റൽ മഴയിൽ നനഞ്ഞ കുടകൾ ക്ലാസ്സിനു പുറത്തുവച്ച് അവർ ഒത്തുചേരലിന്റെ ആനന്ദം പങ്കുവച്ചു. അവധിക്കാല യാത്രകളെക്കുറിച്ച്, അവധിക്കുകണ്ട സിനിമകളെക്കുറിച്ച്, പുതിയ ക്ലാസ്സിലെ ടീച്ചറിനെക്കുറിച്ച് ... അവർക്കു പറയാൻ വിഷയങ്ങൾ ഏറെ. പുതുതായി ഈ വർഷം ക്ലാസ്സിലേക്കു വന്ന കുട്ടികളെ പരിചയപ്പെടുവാനും അവരോടു ചോദിച്ച് അവരുടെ വിശദവിവരങ്ങൾ മറ്റുള്ളവരോടു പറയുവാനും തിടുക്കംകൂട്ടുന്ന ചിലർ. ക്ലാസ്സിനു പിന്നിൽ ഡെസ്ക്കിൽ തല ചേർത്തു കിടക്കുന്ന പെൺകുട്ടിയുടെ അടുത്തേക്ക് നിമ്മി ചെന്നു... "പുതിയ കുട്ടിയാ അല്ലേ. പേരെന്താ?"

"സ്റ്റീനാ"..

"അതെന്തൊരു പേര്. ക്രിസ്റ്റീനാ എന്നാണോ?"

"അല്ല. വെറും സ്റ്റീനാ" "വെറും സ്റ്റീനാ എവിടുന്നാ" "കുറേ ദൂരെ നിന്നാ"

"ഇവിടെ ഹോസ്റ്റലിലാണോ?"

"അല്ല ശാലയിലാ..."

"എന്നാൽ പിന്നെ കാണാം"


നിമ്മി കൂട്ടുകാരുടെ അടുത്തേക്കു ചെന്നു... "എടീ സോനാ... ദാ, ആ കൊച്ചിനെ കണ്ടോ... സ്റ്റൈലു കണ്ടപ്പോൾ ഞാനോർത്തു ഹോസ്റ്റലിലാണെന്ന്. അതിവിടെ ഓർഫനേജിലാ..."

"നിനക്കൊക്കെ എന്താടീ... അതു പാവപ്പെട്ട വീട്ടിലെ കുട്ടിയായിരിക്കും. പാവം... ഞാനതിനോടൊന്നു മിണ്ടീട്ടുവരാം... മരിയ അതും പറഞ്ഞ് സ്റ്റീനായുടെ അടുത്തേക്കു ചെന്നു.

"സ്റ്റീനാ അല്ലേ" "ങാ" "സ്റ്റീനായുടെ ശരിക്കുള്ള വീടെവിടെയാ..."

"കിഴക്കാ... ചെമ്പകപ്പാറ..."

"പഠിച്ചതവിടെയാണോ"





# ലാൾ

"അല്ല മല്ലപ്പള്ളിയിലായിരുന്നു. അവിടുത്തെ ശാലയിലായിരുന്നു"

"വീട്ടിൽ ആരൊക്കെയുണ്ട്?"

"വല്ല്യമ്മച്ചിയും കുഞ്ഞാന്റിയും"

"അച്ഛനും അമ്മയും?"

അവളുടെ കണ്ണു നിറഞ്ഞൊഴുകിയപ്പോൾ മരിയ സംസാരം നിർത്തി. പക്ഷേ നിമ്മി പറഞ്ഞതുപോലെയല്ല, സ്റ്റീന ഒരു പാവം കുട്ടിയാണെന്നു മരിയയ്ക്കു തോന്നി.


ബെല്ലടിച്ചു. ക്ലാസ്സിലെ കുട്ടികൾ അസംബ്ലി ഹാളിലേക്കു നടന്നു. മരിയ സ്റ്റീനയെ ഒപ്പം കൂട്ടി. 8-ാം ക്ലാസ്സിൽ പുതിയതായി വന്നവർക്ക് പൂച്ചെണ്ടും പുസ്തകസമ്മാനവും സിസ്റ്റർ നല്കി. വിവിധ കലാപരിപാടികൾ അവതരിപ്പിക്കപ്പെട്ടു. അതേത്തുടർന്ന് പുതുതായി വന്നവരെ കലാപരിപാടികൾ അവതരിപ്പിക്കുവാൻ ക്ഷണിച്ചു. "സ്റ്റീനാ നല്ല പാട്ടുകാരിയാണെന്നാണല്ലോ പറഞ്ഞത്.. വരൂ, വന്നൊരു പാട്ടു പാടൂ". സിസ്റ്റർ വിളിച്ചപ്പോൾ മടിയോടെയാണെങ്കിലും അവൾ സ്റ്റേജിലേക്കു കയറി. ശോകഭാവം നിറഞ്ഞുനില്ക്കുന്ന ആ പാട്ട് അവൾ പാടിയപ്പോൾ ആ മധുരസ്വരത്തിന്റെ ഉടമയ്ക്ക് നീണ്ടുനിന്ന കരഘോഷത്തോടെ കുട്ടികൾ അഭിനന്ദനമറിയിച്ചു.



മരിയയ്ക്ക് ഏറെ സന്തോഷംതോന്നി. പക്ഷേ നിമ്മിക്ക് അതു സഹിച്ചില്ല. തന്റെ സ്ഥാനത്തേക്ക് മറ്റൊരു എതിരാളി. ഇത്രനാളും ഏറ്റവും മികച്ച പാട്ടുകാരിയായിരുന്ന താൻ രണ്ടാം സ്ഥാനത്തേക്കു പിന്തള്ളപ്പെടുമോ എന്ന ഭയം അവളെ ഉലച്ചു.

തിരികെ ക്ലാസ്സിലെത്തിയപ്പോഴും മരിയതന്നെയായിരുന്നു സ്റ്റീനയുടെ ഒപ്പം. ക്ലാസ് ചുമതലയുള്ള ജോളിമ്മറ്റീച്ചർ സ്റ്റീനയെ ഏറെ അഭിനന്ദിച്ചു. ക്ലാസ്സുകഴിഞ്ഞ് കുട്ടികൾ വീട്ടിലേക്കു പോയപ്പോൾ നിമ്മി, മരിയ എത്തുംമുമ്പേ സോനയുടെകൂടെ പോയി. കുറച്ചു വിഷമം തോന്നിയെങ്കിലും മരിയ അതു കാര്യമാക്കിയില്ല. വീട്ടിൽ ചെന്നപ്പോൾ അവൾക്കമ്മയോടു പറയാൻ നൂറു കാര്യങ്ങളുണ്ടായിരുന്നു. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് സ്റ്റീനയുടെ പാട്ടുതന്നെയായിരുന്നു. എങ്കിലും അവൾ കരഞ്ഞതിന്റെ കാരണം എന്തായിരിക്കും എന്നോർത്ത് മരിയയ്ക്ക് ആശങ്ക തോന്നി.

**ജാൻസിടീച്ചർ**



# ലോകത്തിലെ വലിയ അദ്ഭുതം

ദേവീ മേനോൻ (റോസ് മരിയ)
ബംഗളൂരു

സ്വർഗം ദൈവത്തിന്റെ സിംഹാസനമാണ്; ഭൂമി അവിടുത്തെ പാദപീഠവും (മത്താ 5,34-35). ഭൂമിയാകുന്ന പാദപീഠത്തിൽ നിന്നുകൊണ്ട് കർത്താവിന്റെ സിംഹാസനമാകുന്ന സ്വർഗത്തെ-കർത്താവിനെ-ജീവിച്ചിരിക്കുമ്പോൾത്തന്നെ നാം കാണുന്ന, അനുഭവിക്കുന്ന ദിവ്യഅവസരമാണ് പരിശുദ്ധ കുർബാനയാഘോഷം. ഈ ലോകത്തിലെ ഏറ്റവും വലിയ അത്ഭുതം; ഏറ്റവും വലിയ പുണ്യം.

എന്നെ ഈശോയിലേക്ക് അടുപ്പിച്ചതിൽ പരി. കുർബാന വലിയ പങ്കുവഹിച്ചിട്ടുണ്ട്. ഞാൻ മാമ്മോദീസാ സ്വീകരിക്കുന്നതിന് ഒത്തിരി മുമ്പുതന്നെ സാധിക്കുന്ന അവസരങ്ങളിലെല്ലാം, കുർബാന സ്വീകരിക്കാൻ സാധിക്കുകയില്ലെങ്കിലും, പരി. കുർബാനയിൽ പങ്കുചേരുമായിരുന്നു. വാക്കുകൾക്കും ചിന്തയ്ക്കും അതീതമായ ദിവ്യബലിയിൽ ഒരുങ്ങി പങ്കുചേർന്നാൽ ഈശോയെ അനുഭവിച്ചറിയാൻ എളുപ്പമാണ്. കുർബാനയോളം മഹത്ത്വമേറിയതൊന്നും ഈ ലോകത്തിലില്ല. പക്ഷേ, എത്രപേർ വി. കുർബാനയുടെ മഹത്ത്വം ശരിക്കു മനസ്സിലാക്കുന്നുണ്ട്!



ചുരുങ്ങിയ വാക്കുകളിൽ എനിക്ക് പരിശുദ്ധ കുർബാനാനുഭവം... ഞാൻ ഏറ്റവും ശക്തയാണെന്നും ഏറ്റവും ദുർബലയാണെന്നും ഒരേ നിമിഷത്തിൽത്തന്നെ തോന്നുന്ന സമയം; ദൈവത്തിന്റെ ശക്തിയും എന്റെ നിസ്സാരതയും വെളിപ്പെടുന്ന സമയം; ദൈവാശ്രയബോധത്തോടെ ജീവിക്കേണ്ടതിന്റെ ആവശ്യകത തിരിച്ചറിയുന്ന സമയം; എന്റെ ദൈവത്തിന്റെ നിസ്സീമമായ, നിബന്ധനകളില്ലാത്ത, അതിശക്തമായ സ്നേഹം തിരിച്ചറിയുന്ന സമയം; എന്റെ കർത്താവിന്റെ ശക്തിയിൽ ഞാൻ അത്ഭുതപ്പെട്ട് വിറച്ചു കണ്ണുനീരോടെ നന്ദി പറയാൻമാത്രം സാധിക്കുന്ന സമയം; ആ സ്നേഹത്തിൽ ഞാനെന്നെത്തന്നെ മറന്ന് ഏറ്റവും വലിയ സന്തോഷത്തികവ് അനുഭവിക്കുന്ന സമയം; ഈശോയേ, എന്റെ ജീവിതംതന്നെ ഇതിനല്ലേ എന്നു തോന്നുന്ന സമയം; ഈ നിമിഷം തീർന്നുപോകല്ലേ എന്ന് മനസ്സുനൊന്ത് ആഗ്രഹിക്കുന്ന സമയം; ആത്മീയതയും അനുതാപവുമെല്ലാം ഒന്നുചേർന്ന് വിശുദ്ധിയാകുന്ന നന്മയിൽ നമ്മിലെ ദൈവികചൈതന്യം നവീകരിക്കപ്പെടുന്ന സമയം... പറഞ്ഞാൽ മതിയാവില്ല...

ദിവസത്തിലെ 24 മണിക്കൂറിൽ എത്ര സമയം നാം നമ്മുടെ സ്രഷ്ടാവിനു കൊടുക്കുന്നു? നമ്മുടെ ദൈവത്തെ സ്നേഹിക്കാൻ എത്ര സമയം നാം ഉപയോഗിക്കുന്നു? പരി. കുർബാനയിൽ സ്നേഹത്തോടെ, പൂർണസമർപ്പണത്തോടെ നമ്മെ അർപ്പിക്കാൻ സാധിക്കുന്നില്ലെങ്കിൽഎന്തിനാണ് നമുക്കീ ജീവിതം? കുർബാന തുടങ്ങിക്കഴിഞ്ഞ് എത്തുന്നവർ, അലക്ഷ്യമായും ഉറക്കംതൂങ്ങിയും ദിവ്യബലിയിൽ പങ്കുചേരുന്നവർ, ആശീർവാദം സ്വീകരിക്കാൻപോലും സമയം ഇല്ലാതെ ഓടുന്നവർ, കുർബാന നീണ്ടുപോയാൽ പിറുപിറുക്കുന്നവർ, അനാവശ്യ-ആഡംബര-അലങ്കാര-സഭ്യേതര ആടയാഭരണങ്ങളും കേശാലങ്കാരവും

പേറുന്നവർ, കുർബാനയ്ക്കിടയിൽ പല രീതിയിൽ മറ്റു പല ആശയവിനിമയങ്ങളും നടത്തുന്നവർ, ആർക്കോവേണ്ടി മനസ്സില്ലാമനസ്സോടെ കുർബാനയ്ക്കുവരുന്നവർ, നിസ്സാരകാരണത്താൽ സന്ദേശത്തെ വിമർശിക്കുന്നവർ, കുർബാനപുസ്തകം ഉപയോഗിക്കാൻ മടി കാണിക്കുന്നവർ, ഒരുക്കമുണ്ടായിട്ടും ഈശോയെ സ്വീകരിക്കാൻ മടിക്കുന്നവർ, അടിപൊളിയായി കുർബാനയെ കാണുന്നവർ... ഇങ്ങനെ നീണ്ടുപോകുന്നു ഈശോയോടുള്ള നമ്മുടെ അപമാനങ്ങൾ.

ഓരോ പരി. കുർബാനയും ഓരോ ദിവ്യ അനുഭവങ്ങൾ ആയിരിക്കും. ചിലപ്പോൾ നമുക്കു താങ്ങാൻപോലും സാധിക്കാത്തത്ര സ്നേഹം അനുഭവിക്കാൻ സാധിക്കും. പരി. കുർബാനയിൽ പങ്കുചേരാൻ നില്ക്കുമ്പോൾ അടുത്തുള്ളവരോ, കുർബാന അർപ്പിക്കുന്ന ബഹു. വൈദികരോ മറ്റാരെങ്കിലുമോ ആവരുത് നമ്മുടെ ശ്രദ്ധാവിഷയം. നാമാണ് അപ്പോൾ ദൈവാലയം; നമ്മുടെ മനസ്സാണ് തിരുവൾത്താര. ബലിപീഠവും സക്രാരിയും ഒക്കെ നമ്മിൽ നാം തിരിച്ചറിയണം. കുർബാനയിലെ ഓരോ പ്രാർത്ഥനകളും അധരവ്യായാമം ആകാതെ ആത്മാവിന്റെ പങ്കുചേരലാകാൻ നാം ശ്രദ്ധിക്കണം. ആത്മീയ പങ്കുചേരലിലൂടെമാത്രമേ പരി. കുർബാനയിൽ നമ്മുടെ തമ്പുരാനെ അറിഞ്ഞ്, അനുഭവിച്ച്, ആസ്വദിക്കാൻ നമുക്കു സാധിക്കൂ. അതുവഴിയേ ദൈവസ്നേഹമാകുന്ന ലഹരിയുടെ അടിമകളായിത്തീരുവാൻ സാധിക്കുകയുള്ളു.

പരി. കുർബാനയിൽ പങ്കുചേരാൻ നില്ക്കുമ്പോൾ, രണ്ടായിരം വർഷങ്ങൾക്കു മുമ്പ് കാൽവരിയിലെ ദിവ്യബലിയിൽ പങ്കുചേർന്ന പരിശുദ്ധ മാതാവിന്റെ മനസ്സു കാണാൻ നമുക്കു സാധിക്കണം. ആ മനസ്സിനും ചിന്തയ്ക്കും യോജ്യമായ മനസ്സും ചിന്തയും പ്രവൃത്തിയുമാകണം നമ്മുടേതും. നമുക്കോരോരുത്തർക്കും വേണ്ടിയാണ് അവിടുന്ന് കഠോരമായ പീഡകളേറ്റു പിടഞ്ഞു മരിച്ചത്. അതു കണ്ടുനിന്നുകൊണ്ട് ആ വലിയ സഹനം നിശബ്ദമായി സ്വീകരിച്ച അമ്മയുടെ മനസ്സ് നാം കാണണം. നമുക്കുവേണ്ടിയാണ്, നമ്മിലേക്ക് കടന്നുവരുവാനാണ് ഈശോ തിരുവോസ്തിയുടെ രൂപം സ്വീകരിച്ചത്. നമുക്കോരോരുത്തർക്കുംവേണ്ടിയാണ് തിരുസഭ പരി. കുർബാനയർപ്പിക്കുന്നത്.

ഓരോ ബലിയും നമുക്കു ലഭിക്കുന്ന ഏറ്റവും വലിയ അനുഗ്രഹമാണ്. ഓരോ ബലിയിലും പങ്കുചേരുമ്പോൾ അത് നമ്മുടെ ജീവിതത്തിലെ ആദ്യ കുർബാനയായും അവസാന കുർബാനയായും നമുക്കു കരുതാം. അത്ര പ്രാധാന്യത്തോടെ, വിശുദ്ധിയോടെ, ക്ഷമയോടെ, ദൈവസ്നേഹത്തോടെ നമുക്ക് ദിവ്യബലിയിൽ പങ്കുചേരാം. ഈശോയോട് മനസ്സുതുറന്നു സംസാരിച്ചുകൊണ്ട്, പ്രാർത്ഥിച്ചുകൊണ്ട് ഈശോയിൽ ഒന്നായി അലിയാം.

*നിങ്ങളുടെ ജീവിതം കുർബാനയ്ക്കു ചുറ്റും നെയ്യപ്പെട്ടിരിക്കണം. നിങ്ങളുടെ കണ്ണ് കർത്താവിലേക്കു തിരിക്കുക. അവിടുന്നു പ്രകാശമാണ്. നിങ്ങളുടെ ഹൃദയങ്ങൾ അവിടുത്തെ ദൈവികഹൃത്തിലേക്ക് അടുപ്പിക്കുക. ആഗ്രഹത്തോടെ അവിടുത്തെ അന്വേഷിക്കുക*

*കൽക്കട്ടയിലെ വി. തെരേസ*

# തൊഴിലും തൊഴിലിടങ്ങളും സന്തോഷഭരിതമാകട്ടെ

ടോംസ് ആന്റണി, ബഥേലിൽ
തത്തംപള്ളി

ഏതു തൊഴിൽ തെരഞ്ഞെടുക്കണം? എങ്ങനെ മനസ്സിനിണങ്ങുന്ന തൊഴിൽ സ്വായത്തമാക്കണം? ഇക്കാര്യങ്ങൾ ചിന്തിക്കുമ്പോൾ ഇന്നത്തെ ചെറുപ്പക്കാർ പലരും അസ്വസ്ഥതയും, ആശങ്കയും പ്രകടിപ്പിക്കാറുണ്ട്. നമ്മുടെ സ്വപ്നങ്ങൾക്കനുസൃതമായ ഒരു തൊഴിൽ ലഭിക്കുക എന്നത് ഒരു ഭാഗ്യം തന്നെയാണ്.

അംബരചുംബിയായ ഒരു സ്റ്റാർ ഹോട്ടലിനു മുന്നിലൂടെയായിരുന്നു രണ്ടു ചെറുപ്പക്കാർക്ക് തങ്ങൾ പഠിക്കുന്ന സ്ഥാപനത്തിലേക്ക് പോകേണ്ടിയിരുന്നത്. പ്രൗഢമായ ആ ഹോട്ടലിലേക്ക് അവരിലൊരു ചെറുപ്പക്കാരൻ സാകൂതം വീക്ഷിക്കുക പതിവായിരുന്നു. ആഡംബര കാറിൽ കോട്ടും ടൈയുമൊക്കെ ഇട്ട് ഒരാൾ ആ ഹോട്ടലിലേക്ക് എല്ലാദിവസവും വന്നിറങ്ങുന്നു. "ആരാണയാൾ"? ചെറുപ്പക്കാരിലൊരാൾ അന്വേഷിച്ചു. ആ ഹോട്ടലിലെ സപ്ലെയറാണ്. നല്ല വരുമാനം! നല്ല ഒരു തുക ടിപ്പ് ആയി കിട്ടും. മാസം ലക്ഷങ്ങളുടെ വരുമാനം. ആ ചെറുപ്പക്കാരന്റെ മനസ്സിൽ ഒരു ആഗ്രഹമുദിച്ചു. എങ്ങനെയും പഠിച്ചു മിടുക്കനായി ഈ ഹോട്ട



ലിലെ സപ്ലെയറായി മാറണം. കൂട്ടുകാർ തമ്മിൽ പിരിഞ്ഞു.

ഏതാനും വർഷങ്ങൾക്കുശേഷം ഈ ചെറുപ്പക്കാരൻ ആ ഹോട്ടലിലെ സപ്ലെയറായി മാറി. ആഡംബര കാർ, കോട്ട്, ടൈ എന്നിവയുടെ അകമ്പടിയോടെ അയാൾ അഭിമാനപൂർവ്വം ജോലിചെയ്തുപോന്നു. ഒരിക്കൽ ആ ഹോട്ടലിനു മുന്നിൽ ഒരു ബോർഡ് പ്രത്യക്ഷപ്പെട്ടു. "രാജ്യത്തെ ഏറ്റവും ഉയർന്ന ഉദ്യോഗസ്ഥന് ഈ ഹോട്ടലിലേക്ക് സ്വാഗതം." ചെറുപ്പക്കാരനു സന്തോഷമായി. രാജ്യത്തെ ദിശാബോധത്തോടെ നയിക്കുന്ന മിടുക്കനായ, രാജ്യത്തെ ഏറ്റവും ഉയർന്ന ഉദ്യോഗസ്ഥൻ ഈ ഹോട്ടലിൽ വരുന്നു. അദ്ദേഹത്തെ ഒന്ന് കാണാമല്ലോ എന്ന് വിചാരിച്ചിരിക്കുമ്പോൾ ഹോട്ടൽ മാനേജർ ഈ ചെറുപ്പക്കാരനെ അദ്ദേഹത്തെ സ്വീകരിക്കാനും, ഭക്ഷണം നൽകുവാനുമുള്ള ചുമതല ഏല്പിച്ചു. ചെറുപ്പക്കാരന്റെ സന്തോഷം ഇരട്ടിയായി.

അത്യധികം സ്നേഹാദരങ്ങളോടെ ആ ചെറുപ്പക്കാരൻ ആ രാജ്യത്തെ ഏറ്റവും ഉയർന്ന ഉദ്യോഗസ്ഥനെ സ്വീകരിച്ചു. ഭക്ഷണം നൽകി. ഉദ്യോഗസ്ഥന് വലിയ സന്തോഷമായി. അദ്ദേഹം നല്ല ഒരു തുക 'ടിപ്പ്' ആയി ചെറുപ്പക്കാരന് നൽകി. ചെറുപ്പക്കാരൻ അത്ഭുതപ്പെട്ടു. ഇത്ര വലിയ തുക ഇന്നുവരെ തനിക്ക് ടിപ്പ് ആയി ആരും തന്നിട്ടില്ല. അദ്ദേഹത്തിന് തെറ്റിയതാവാം എന്നും കരുതി തുകയുടെ പകുതി തിരിച്ചുകൊടുക്കുവാൻ ഒരുങ്ങിയപ്പോൾ ആ ഉദ്യോഗസ്ഥൻ പുഞ്ചിരിച്ചുകൊണ്ട് ചെറുപ്പക്കാരനോട് പറഞ്ഞു. "സ്നേഹിതാ, വർഷങ്ങൾക്കു മുമ്പ് ഈ ഹോട്ടലിനുമുന്നിൽ നിന്നോടൊപ്പം നിന്നത് ഞാനാണ്. നീ ഈ ഹോട്ടലിലെ സപ്ലെയർ ആകാൻ ആഗ്രഹിച്ചു. പക്ഷേ ഞാൻ 'ടിപ്പ്' കൊടുക്കുന്ന ഈ രാജ്യത്തെ ഏറ്റവും ഉയർന്ന ഉദ്യോഗസ്ഥനായിത്തീരാൻ ആഗ്രഹിച്ചു.".

പ്രിയ യുവജനങ്ങളെ, കൊച്ചുകൊച്ചു സ്വപ്നങ്ങളല്ല തൊഴിൽ മേഖലയിൽ നമ്മെ നയിക്കേണ്ടത്. തൊഴിൽ മേഖലയിൽ നാം ഉയർന്ന സ്വപ്നങ്ങൾ കാണണം. നമ്മുടെ കഴിവിനും, അഭിരുചിക്കും, സാധ്യതകൾക്കും പറ്റുന്ന തരത്തിൽ പരമാവധി ഉയരങ്ങൾ കീഴടക്കുവാൻ സാധിക്കുമ്പോഴാണ് ഒരു വ്യക്തി തൊഴിൽ രംഗത്ത് വിജയിച്ചു എന്ന് പറയാനാകുന്നത്.

നമ്മുടെ നാട്ടിൽ സിവിൽ സർവ്വീസ് ഉൾപ്പെടെയുള്ള ഉയർന്ന മേഖലകളിൽ പ്രശോഭിക്കാൻ കഴിവുള്ള ഒത്തിരി ചെറുപ്പക്കാരുണ്ട്. പക്ഷേ അവരൊക്കെ പെട്ടെന്നുള്ള വരുമാനം തേടി മറ്റുമേഖലകളിലേക്ക് ദിശമാറി സഞ്ചരിക്കുന്നു എന്നത് ദുഃഖകരമാണ്. ഡോക്ടറാകുവാൻ പാടവമുള്ളവർ എത്രയോപേർ നേഴ്സിംഗ് മേഖല തെരഞ്ഞെടുത്തു! ഇഷ്ടമില്ലാത്ത കോഴ്സിനും, ജോലിക്കും പോയി ജീവിതത്തോടുതന്നെ വിരക്തിയായവർ ഒട്ടേറെപ്പേർ!

എന്തിനാണ് നാം തൊഴിൽ ചെയ്യുന്നത്? നാം നമ്മോടുതന്നെ ചോദിക്കേണ്ട ഒരു ചോദ്യമാണ്. വരുമാനം മാത്രമാണ് നമ്മുടെ തൊഴിലിന്റെ ലക്ഷ്യമെങ്കിൽ ആ തൊഴിൽ നമുക്ക് പലപ്പോഴും വിരസത ജനിപ്പിക്കും. മറിച്ച് വരുമാനത്തോടൊപ്പം സൗഹൃദത്തിനുള്ള അവസരം, മറ്റുള്ളവരെ സഹായിക്കാനുള്ള അവസരം, എല്ലാറ്റിനുമുപരി ജീവിതവിജയം നേടാനുള്ള അവസരം എന്നിങ്ങനെ തൊഴിലിനെ മാറ്റുമ്പോഴാണ് തൊഴിൽ അർത്ഥപൂർണ്ണമാകുന്നത്.

ഇഷ്ടമില്ലാത്ത തൊഴിലാണ് നാം ചെയ്യുന്നതെങ്കിൽ നമുക്കു മുമ്പിൽ രണ്ടുവഴികളേ ഉള്ളൂ. ഒന്നുകിൽ ഇന്നുതന്നെ ആ തൊഴിൽ ഉപേക്ഷിക്കുക, അല്ലെങ്കിൽ ആ തൊഴിലിനെ ഇഷ്ടപ്പെട്ടു തുടങ്ങുക.

നമുക്കെല്ലാവർക്കും വിവിധതരം ഹോബികളുണ്ട്. നന്നായി ചിത്രം വരയ്ക്കുന്നവരുണ്ട്; സ്പോർട്സിനോട് താൽപര്യമുള്ളവരുണ്ട്; അദ്ധ്യാപനകല സ്വായത്തമാക്കിയവരുണ്ട്; രോഗികളെ ശുശ്രൂഷിക്കാൻ താല്പര്യ


മുള്ളവരുണ്ട്; സംഘടനാ മികവുള്ളവരുണ്ട്; നേതൃത്വവാസനയുള്ളവരുണ്ട്; ഏതെങ്കിലും സംരംഭം ഏറ്റെടുത്തു വിജയിപ്പിക്കാൻ കഴിവു ള്ളവരുണ്ട്; അങ്ങനെ വിവിധ കഴിവുകൾ സ്വായത്തമാക്കിയിട്ടുള്ളവരാണ് നാം ഓരോരു ത്തരും. ഈ കഴിവുകളെ നമ്മുടെ തൊഴിലു മായി കൂട്ടിയിണക്കാൻ കഴിഞ്ഞാൽ നമ്മുടെ തൊഴിൽ ആയാസരഹിതമാകും, സന്തോഷഭ രിതമാകും.

ഓരോരുത്തരും തങ്ങളുടെ അഭിരുചി കൾക്കനുസരിച്ചു മാത്രമേ തൊഴിൽ മേഖല തെരഞ്ഞെടുക്കാവൂ. അഭിരുചികൾ കണ്ടെത്താ നുള്ള അനേകം ശാസ്ത്രീയമാർഗ്ഗങ്ങൾ ഇന്ന് നിലവിലുണ്ട്. അവയെ കാര്യക്ഷമമായി പ്രയോ ജനപ്പെടുത്തുകയും വേണം.

അതായത് നമ്മുടെ ഹോബികളെ തൊഴിലാക്കി മാറ്റുവാൻ നമുക്കു കഴിയുമോ? അഥവാ നമ്മുടെ തൊഴിലിനെ ഹോബിയാക്കി മാറ്റാൻ നമുക്ക് കഴിയുമോ? ഇതിൽ ഏതെങ്കി ലുമൊന്നിൽ നാം വിജയിച്ചാൽ നമ്മുടെ തൊഴിൽ ജീവിതം ആഹ്ലാദഭരിതമായിത്തീരും. അല്ലെങ്കിൽ ഏറ്റവും ദുരിതം പിടിച്ച ഒന്നായി നമ്മുടെ തൊഴിലും, തൊഴിലിടങ്ങളും മാറും.

നമ്മുടെ കഴിവുകളെയും, സാധ്യതക ളെയും സൗഹൃദവലയങ്ങളെയും തൊഴിൽമേ ഖലയിൽ ഫലപ്രദമായി വിനിയോഗിക്കാൻ കഴിഞ്ഞാൽ തൊഴിൽരംഗത്ത് നാം വിജയിച്ചു എന്നർത്ഥം.

നമ്മുടെ തൊഴിലിടങ്ങളിൽ സൗഹാർദ്ദ ത്തിന്റെ അന്തരീക്ഷം സൃഷ്ടിക്കാൻ നമുക്ക് കഴിയണം. പരസ്പരം കുറ്റം പറഞ്ഞും അസൂ യയും പരിഭവങ്ങളും പാരവയ്പുകളും കൊണ്ട്



തൊഴിലിടങ്ങളെ മലീമസമാക്കിയാൽ നമ്മുടെ മനസ്സു തന്നെയാണ് മലീമസമാകുന്നത് എന്ന് ഓർക്കണം. നമ്മുടെ തൊഴിൽ നമുക്ക് വിരക്തിയുണ്ടാക്കുന്നുവെന്നർത്ഥം. വീട്ടിലെ പ്രശ്നങ്ങളും, നമ്മുടെ മനോനിലയും ഒന്നും തൊഴിൽ രംഗത്തേക്ക് വലിച്ചിഴയ്ക്കാതിരിക്കുക.

ഐ.എ.എസ്. എടുത്ത് കളക്ടറായി വിരാജിക്കുമ്പോൾ ഒരു പാവപ്പെട്ടവൻ അവന്റെ സങ്കടം പറയുവാൻ നമ്മുടെ മുന്നിൽ വരുമ്പോൾ അവന്റെ വേദന തിരിച്ചറിയുവാൻ കഴിയാത്ത ഒരു ഐ.എ.എസ്. കാരനെക്കൊണ്ട് എന്തുകാര്യം? ഏത് രംഗത്ത് തൊഴിൽ ചെയ്താലും പാവപ്പെട്ടവന്റെയും വേദനിക്കുന്നവന്റെയും കണ്ണീരൊപ്പാൻ കഴിയാതെവന്നാൽ, അവരെ പുച്ഛമനോഭാവത്തോടെയാണ് കാണുന്നതെങ്കിൽ എന്തുകാര്യം?

നമുക്ക് വേണ്ടത് അർപ്പണബുദ്ധിയുള്ള, മൂല്യബോധമുള്ള, അഴിമതിരഹിതമായ, സാമൂഹികപ്രതിബദ്ധതയുള്ള തൊഴിലും തൊഴിൽ രംഗങ്ങളുമാണ്.

കേരളത്തിലെ ഒരു ഉയർന്ന ഉദ്യോഗസ്ഥനോട് അദ്ദേഹത്തിന്റെ മകൻ ഒരിക്കൽ ചോദിച്ചു: "പപ്പാ, ഞാൻ ആരാകണമെന്നാണ് പപ്പായുടെ ആഗ്രഹം.?"

മകന് ഒരിക്കലും പ്രതീക്ഷിക്കാത്ത ഉത്തരമാണ് ലഭിച്ചത്.

"മോൻ ആരായാലും കുഴപ്പമില്ല. ഒരു അദ്ധ്യാപകനോ, മറ്റേതെങ്കിലും തൊഴിൽ ചെയ്യുന്ന ഒരുവനോ ആയാൽ മതി. നീ അദ്ധ്യാപകവൃത്തിയാണ് സ്വീകരിക്കുന്നതെങ്കിൽ ആ നാട്ടിലെ ഏറ്റവും മിടുക്കനായ, നലംതികഞ്ഞ, കുട്ടികളെ ആത്മാർത്ഥമായി സ്നേഹിക്കുന്ന, സമർപ്പണബോധമുള്ള അദ്ധ്യാപകൻ ആര് എന്ന് ആ നാട്ടിൽ തിരക്കിയാൽ എന്റെ മോന്റെ പേര് പപ്പായ്ക്ക് കേൾക്കണം."

അതെ. നാം ഏത് തൊഴിൽ മേഖല തെരഞ്ഞെടുത്താലും ആ രംഗത്തെ ഏറ്റവും മിടുക്കരാകാൻ, സമർപ്പണ മനോഭാവമുള്ളവരും മൂല്യബോധമുള്ളവരാകാൻ നമുക്കു കഴിയണം.

നന്നായി പരിശ്രമിക്കുക. ദൃഢനിശ്ചയത്തോടെ നമ്മുടെ സ്വപ്നമായ തൊഴിൽ മേഖലയിലേക്കുള്ള ചുവടുകൾ വയ്ക്കുക. ഉറപ്പായും നമുക്ക് ആ രംഗത്ത് എത്തിച്ചേരാൻ കഴിയും. ചിട്ടയോടെയുള്ളതും, ശാസ്ത്രീയവുമായ പഠനമാർഗ്ഗങ്ങളാണ് അതിനായി നാം അവലംബിക്കേണ്ടത്.

തൊഴിലിടങ്ങൾ നമ്മുടെ രണ്ടാമത്തെ വീടാണ്. തൊഴിൽ ദുരിതപൂർണ്ണമായാൽ അത് നമ്മുടെ ജീവിതത്തിന്റെ ആനന്ദത്തെയാണ് തല്ലിക്കെടുത്തുന്നത്. നല്ല തൊഴിൽ കണ്ടെത്തുവാൻ, കണ്ടെത്തിയ തൊഴിലിൽ അഭിമാനത്തോടെ തുടരാൻ, ആ രംഗത്ത് കൂടുതൽ അഭിവൃദ്ധി പ്രാപിക്കാൻ, തൊഴിലിടങ്ങളെ സന്തോഷപൂർണ്ണമാക്കാൻ, അതുവഴി ജീവിത വിജയം കരുപ്പിടിപ്പിക്കാൻ നമുക്ക് കഴിയട്ടെ.

*തൊഴിൽ മനുഷ്യനു നല്ലൊരു കാര്യമാണ്. അവന്റെ മനുഷ്യത്വത്തിനു നല്ലതാണ്. കാരണം, അധ്വാനത്തിലൂടെ മനുഷ്യൻ പ്രകൃതിയെ തന്റെ ആവശ്യങ്ങൾക്കു ചേർന്നവിധം പരിവർത്തനപ്പെടുത്തുകമാത്രമല്ല ചെയ്യുന്നത്. പിന്നെയോ മനുഷ്യജീവി എന്ന നിലയിൽ സാക്ഷാത്കാരം നേടുകയും ചെയ്യുന്നു.*

**വി. ജോൺ പോൾ രണ്ടാമൻ**

# തട്ടിമാറ്റപ്പെടുന്ന കൈകൾ



ഫാ. ഷിബു പുളിക്കൽ
നെറൂൾ, കല്യാൺ രൂപത

ഇല്ലത്തെ (നമ്പൂതിരിമന) കുട്ടികൾക്ക് ഓണം എന്നാണെന്ന് തിരിച്ചറിയാൻ കഴിയുന്നില്ല. കാരണം അവർക്ക് അവിടെ എന്നും ഓണം പോലെയായിരുന്നു. ഉണ്ണി നമ്പൂതിരിമാർ സങ്കടം ഉണർത്തിക്കാൻ വലിയ നമ്പൂതിരിയുടെ അടുത്തുവന്നു. വലിയ നമ്പൂതിരി കാര്യസ്ഥനെ വിളിച്ചുപറഞ്ഞു. ഇനി മുതൽ ഓണത്തിന് മാത്രം വലിയ പപ്പടം വിളമ്പിയാൽ മതി. അങ്ങനെ വലിയ പപ്പടം വിളമ്പുന്ന ദിവസം ഓണം ആണെന്ന് ഉണ്ണിക്കുട്ടികൾ മനസ്സിലാക്കി. അതേസമയം മനക്കലെ പണിക്കാരനായ ചാത്തൻപുലയൻ ഓണത്തിന്റെ ദിവസം തന്റെ കയ്യിലെ ചില്ലറ പൈസകൾ എണ്ണി നോക്കിയപ്പോൾ അത് അരി വാങ്ങിക്കാൻപോലും തികയില്ലെന്നു മനസ്സിലായി. ഓണത്തിനു മക്കളെ പട്ടിണി കിടത്താൻ പറ്റില്ലല്ലോ. അയാൾ കടയിൽ കയറി കയ്യിലുള്ള ചില്ലറ കൊടുത്തു കുറച്ച് വലിയ പപ്പടം വാങ്ങി. അയാളുടെ കുട്ടികൾ ആദ്യമായാണ് വലിയ പപ്പടം കാണുന്നതു തന്നെ. പപ്പടം വറുത്ത് മക്കൾക്ക് കൊടുത്ത് അയാൾ ഓണം ആഘോഷിച്ചു.

വലിയ പപ്പടം കാണുമ്പോൾ ഓണമാണെന്നു മനസ്സിലാക്കുന്നവരും, വലിയ പപ്പടം മാത്രം തിന്ന് ഓണം ആഘോഷിക്കുന്നവരും ഇന്നുണ്ട്. തോബിത്ത് തന്റെ മകൻ തോബി

പ്രതീക്ഷയുടെ
# പൂമൊട്ടുകൾ

യാസിനെ ഉപദേശിക്കുന്നത് ദാനധർമ്മത്തിൽനിന്ന് ഒരിക്കലും പിൻതിരിയരുതെന്നാണ്. ഒരു നേരത്തെ ആഹാരത്തിനുപോലും വകയില്ലാതെ പൈപ്പിലെ വെള്ളവും കുടിച്ച്, എച്ചിൽ പാത്രത്തിലെ പട്ടികളോട് മല്ലിട്ട്, കിട്ടുന്നതും കഴിച്ച് ദിവസങ്ങൾ തള്ളിനീക്കുന്ന ഹതഭാഗ്യർ നമുക്ക് ചുറ്റുമുണ്ടെന്ന കാര്യം നമ്മൾ പലപ്പോഴും മറന്നുപോകുന്നു. ചുറ്റുപാടും ഒന്ന് കണ്ണോടിച്ചാൽ നമുക്കിത് കാണാവുന്നതാണ്. എന്നാൽ നമ്മുടെ കണ്ണുകൾ ഒരിക്കലും അപരനിലേക്ക് തിരിയുന്നില്ല. എന്റെ സമയവും വ്യയവും പണവുമെല്ലാം അവൻ അപഹരിച്ചേക്കുമെന്നു ഭയന്ന് നമ്മൾ നമ്മളിലേക്ക് തന്നെ ഉൾവലിയുന്നു. വീണ്ടും ലേവായനും പുരോഹിതനും ജനിക്കുന്നു. സമരിയാക്കാരനെ കണ്ടുകിട്ടാനില്ല. ഇനി ഒരു സമരിയാക്കാരൻ വന്നാൽ തന്നെ നാം അവനെ കല്ലെറിയും.

"അന്നന്നു വേണ്ടുന്ന ആഹാരം തരണമേ" എന്ന പ്രാർത്ഥന ചൊല്ലുമ്പോൾ പോലും നമുക്കറിയാം ഒരു മാസത്തേക്കുള്ളത് ഫ്രിഡ്ജിൽ ഇരിപ്പുണ്ടെന്ന്. എങ്കിലും സാധാരണ ഒരു ക്രമംപോലെ സ്വർഗ്ഗസ്ഥനായ പിതാവേ എന്ന ജപവും ആവർത്തിക്കുന്നു. എന്റെ മുന്നിൽ കൈനീട്ടുന്നവരെ ഞാൻ തുറിച്ചുനോക്കുന്നു. പാവം മനുഷ്യൻ ആ നോട്ടം താങ്ങാനാകാതെ എന്റെ മുന്നിൽ തല കുനിക്കുന്നു. എങ്കിലും എന്തെങ്കിലും കിട്ടുമെന്ന പ്രതീക്ഷയിൽ കൈകൾ നീട്ടുന്നു. അവന്റെ നീട്ടിയ കൈകൾ തട്ടിമാറ്റുമ്പോൾ ഞാൻ അറിയുന്നില്ല ദൈവത്തിന്റെ കൈകളാണ് ഞാൻ തട്ടിമാറ്റിയതെന്ന്. വിധിദിവസത്തിൽ ചോദിക്കുന്ന ചോദ്യത്തിൽ ഒരു ചോദ്യംകൂടി എഴുതിച്ചേർക്കാം. 'ഞാൻ നിന്റെ നേരെ കൈകൾ നീട്ടി. എന്നാൽ, നീ എന്റെ കൈകൾ തട്ടി മാറ്റി'. ഈ ചോദ്യം നമ്മുടെ നേർക്കാകാതിരിക്കട്ടെ.

## ദൈവദാസൻ വില്യം ജക്വീൻതാ പിതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

സ്നേഹം തന്നെയായ ദൈവമേ/സകല നന്മകളുടേയും ദാതാവായ പിതാവേ/രക്ഷകനായ മിശിഹായേ/വിശുദ്ധിയുടെ അരൂപിയേ/മനുഷ്യകുലത്തോടുള്ള അവിടുത്തെ അനന്തമായ സ്നേഹത്താൽ/വിശുദ്ധിയിലേക്കുള്ള ക്ഷണം അങ്ങ് നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുന്നുവല്ലോ./ അവിടുത്തെ ദാനങ്ങൾ/ദൈവദാസനായ വില്യം ജക്വീന്താ പിതാവിൽ വിളങ്ങി പ്രശോഭിക്കുവാൻ ഇടയാക്കിയതിനെ ഓർത്ത്/ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു./അദ്ദേഹം അവിടുത്തെ പുത്രന്റെ അളവറ്റ സ്നേഹം ധ്യാനിക്കുകയും/വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക വിളിയുടെ അക്ഷീണ പ്രേഷിതനാവുകയും ചെയ്തുവല്ലോ./അങ്ങ് തിരുമനസ്സാകുന്നുവെങ്കിൽ/അദ്ദേഹത്തിൽ അവിടുത്തെ മഹത്ത്വം വെളിപ്പെടുത്തണമെന്നും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം വഴിയായി ഞങ്ങൾ അപേക്ഷിക്കുന്ന ഈ കൃപ/....................ഞങ്ങൾക്കു നൽകണമെന്നും അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

**പ്രാർത്ഥന ആവശ്യപ്പെടാനും ലഭിച്ച അനുഗ്രഹങ്ങൾ സാക്ഷ്യപ്പെടുത്താനും അന്വേഷണങ്ങൾക്കും**

**Apostolic Oblates**
Spirituality Centre,
Manganam P.O.,
Kottayam - 686 018
Tel. 0481-2578192

# സെനക്കിൾ തരംഗം

**മി**ശിഹായിൽ പ്രിയപ്പെട്ട വൈദികസഹോദരരേ,

എലിയാ-സ്ലീവാ, മൂശെക്കാലം നമ്മുടെ ജീവിതത്തിന്റെ അന്ത്യാത്മകമാനം നമ്മെ അനുസ്മരിപ്പിക്കുന്ന കാലഘട്ടമാണല്ലോ. സെനക്കിളിൽ ഈശോയെക്കുറിച്ചു പറഞ്ഞിരിക്കുന്നത് നമ്മെ ഓരോരുത്തരെക്കുറിച്ചും പറയാം: "പിതാവ് സകലതും തന്റെ കരങ്ങളിൽ ഏല്പിച്ചിരിക്കുന്നുവെന്നും, താൻ ദൈവത്തിൽനിന്നു വരികയും ദൈവത്തിങ്കലേക്കു പോവുകയും ചെയ്യുന്നുവെന്നും ഈശോ അറിഞ്ഞു. അത്താഴത്തിനിടയിൽ അവൻ എഴുന്നേറ്റ്, മേലങ്കി മാറ്റി, ഒരു തുവാലയെടുത്ത് അരയിൽ കെട്ടി. അനന്തരം, ഒരു താലത്തിൽ വെള്ളമെടുത്ത് ശിഷ്യരുടെ പാദങ്ങൾ കഴുകാനും അരയിൽ ചുറ്റിയിരുന്ന തുവാലകൊണ്ട് തുടയ്ക്കാനും തുടങ്ങി" (യോഹ 13,3-5). പിതാവായ ദൈവമാണു നമ്മെ ലോകത്തിലേക്ക് അയച്ചത്. പിതൃഭവനത്തിലേക്കുള്ള ഒരു യാത്രയാണ് ഈലോകജീവിതം. ശുശ്രൂഷാപൗരോഹിത്യം നല്കി നമ്മെ ലോകത്തിലേക്ക് അവിടുന്ന് അയച്ചത്, അവിടുന്നു നല്കുന്നവർക്കെല്ലാം സ്നേഹശുശ്രൂഷ ചെയ്യുന്നതിനാണ്. നമ്മുടെ പൗരോഹിത്യശുശ്രൂഷ അപ്രകാരം നമുക്ക് ഒരു സ്നേഹശുശ്രൂഷയാവണം. നമ്മുടെ അജപാലനരംഗങ്ങളെയെല്ലാം അപ്രകാരമൊരു സ്നേഹശുശ്രൂഷയുടെ വേദികളാക്കി മാറ്റാം. അവിടെ നാം കണ്ടുമുട്ടുന്നവരെയെല്ലാം ദൈവം നമുക്കു തന്നവരായിക്കരുതാം. ഈശോയുടെ സ്നേഹത്തോടുകൂടെ അവർക്കെല്ലാം ആവശ്യകമായ സ്നേഹശുശ്രൂഷ ചെയ്ത് അവരോടൊപ്പം സ്വർഗീയമായ നമ്മുടെ പിതൃഭവനത്തിലേക്കു നമുക്കു യാത്ര ചെയ്യാം. ഈശോയുടെ അജപാലനസ്നേഹം നമുക്കു പ്രചോദനവും ശുശ്രൂഷാജീവിതം നമ്മുടെ അജപാലനശുശ്രൂഷയ്ക്ക് മാതൃകയുമായിരിക്കട്ടെ!

**മല്പാൻ ഫാദർ മാത്യു വെള്ളാനിക്കൽ**
**ജനറൽ മേജർ ഫാദർ**

## വാർത്തകൾ

**2017** ഓഗസ്റ്റ് 8-9 തീയതികളിൽ മാങ്ങാനം സ്പിരിച്ചാലിറ്റി സെന്ററിൽവച്ച് ഇന്ത്യൻ സൊദാലെസിന്റെ വാർഷികസമ്മേളനം നടന്നു. 8-ാം തീയതി രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 4 വരെ, ഇടവക വൈദികരുടെ ആദ്ധ്യാത്മികതയെക്കുറിച്ചുള്ള ഏകദിനകൺവൻഷൻ നടത്തി. റവ. ഡോ. ഡൊമിനിക് വെച്ചൂർ, ജോസഫ് ചാലാശ്ശേരി, മല്പാൻ മാത്യു വെള്ളാനിക്കൽ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. സൊദാലെസ് വൈദികരും അല്ലാത്തവരും ചേർന്ന് ഇരുപത്തഞ്ചോളം വൈദികർ ഈ കൺവൻഷനിൽ സംബന്ധിച്ചു.

ഇറ്റലിയിൽനിന്നും മാൾട്ടായിൽനിന്നുമുള്ള അപ്പസ്തോലിക് സൊദാലെസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട് അംഗങ്ങളായ വൈദികരുടെ വാർഷികസമ്മേളനവും ഇൻസ്റ്റിറ്റ്യൂട്ടിന്റെ ജനറൽ കൗൺസിൽ മീറ്റിംഗും 2017 ഓഗസ്റ്റ് 20 മുതൽ 26 വരെ ഇറ്റലിയിലെ 'സുബിയാക്കോ'യിൽവച്ചു നടന്നു. മാൾട്ടായിൽനിന്നും സെനക്കിൾ സ്നേഹിതരായ ഏഴു വൈദികരുടെ ഒരു ഗ്രൂപ്പ് ഇപ്രാവശ്യത്തെ സമ്മേളനത്തിൽ പങ്കെടുത്തു. ഇറ്റലിയിലെ 'ഫിദേൻസാ' രൂപതയുടെ എമരിറ്റസ് ബിഷപ് കാർളോ മാസ്സാ ധ്യാനവിചിന്തനങ്ങൾ നല്കി സമ്മേളനത്തെ സമ്പന്നമാക്കി. ഈ സമ്മേളനത്തിൽ സംബന്ധിക്കാൻ ഓഗസ്റ്റ് 21 നു പോയ ജനറൽ മേജർ ഫാദർ, ബഹു. മാത്യു വെള്ളാനിക്കലച്ചൻ, സെപ്റ്റംബർ 2 നു ഇന്ത്യയിൽ തിരിച്ചെത്തി.

-സെനക്കിൾ വൈദികകൂട്ടായ്മയിൽ പങ്കുചേരുവാൻ താല്പര്യമുള്ളവർ, *സെനക്കിൾ തരംഗം, സ്പിരിച്ചാലിറ്റി സെന്റർ, മാങ്ങാനം പി.ഒ., കോട്ടയം-686 018* എന്ന വിലാസത്തിൽ ബന്ധപ്പെടുക.

# തടവറയിലെ ജീവിതങ്ങൾ



ഷിനി തെരേസ് മുതുപ്ലാക്കൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**ഫാ. ടോം...**

തിരുസഭയുടെ പരമാധികാരി ചുംബനമർപ്പിച്ച അങ്ങയുടെ കരങ്ങളിൽ ഞങ്ങളുമർപ്പിക്കട്ടെ നന്ദിയുടെയും സ്നേഹത്തിന്റെയും ആദരവിന്റെയും വിശുദ്ധചുംബനങ്ങൾ... അങ്ങു നല്കിയ ധീരമായ ക്രൈസ്തവസാക്ഷ്യത്തിന്...

ഉഴുന്നാലിൽ കുടുംബത്തിനും രാമപുരം ഇടവകയ്ക്കും സലേഷ്യൻ സഭയ്ക്കും തിരുസഭ മുഴുവനും അഭിമാനമായി അങ്ങ് ഉയർന്നു...

ജീവനപകടത്തിലാണെന്നറിഞ്ഞിട്ടും പാവങ്ങൾക്കു ശുശ്രൂഷചെയ്ത് ഈശോയ്ക്കു സാക്ഷ്യംവഹിക്കാനുള്ള ദൗത്യത്തിൽനിന്നും അങ്ങ് പിൻമാറിയില്ല.

ഭീകരരെത്തിയെന്നറിഞ്ഞപ്പോഴും ജീവരക്ഷാർത്ഥം അങ്ങ് ഓടിയൊളിച്ചില്ല. പകരം അവർ തിരുവോസ്തിരൂപനായ ഈശോയെ അവഹേളിക്കാതിരിക്കാൻവേണ്ടിയുള്ള മുന്നൊരുക്കങ്ങൾ അങ്ങ് നടത്തി...

557 ദിവസങ്ങൾനീണ്ട തടവറജീവിതം അങ്ങയെ നിരാശയിലാഴ്ത്തിയില്ല. പ്രാർത്ഥനയിൽ അങ്ങ് കരുത്താർജ്ജിച്ചു... നിരന്തരമായ പ്രാർത്ഥനയുടെ ശക്തി അങ്ങയുടെ മോചനത്തിൽ ഞങ്ങളും ഒരിക്കൽക്കൂടി തിരിച്ചറിയുകയായിരുന്നു... കാരുണ്യവാനായ തമ്പുരാന്റെ മുമ്പിൽ നന്ദിയാൽ നിറഞ്ഞ ഹൃദയം ഞങ്ങളുമുയർത്തട്ടെ...

ഈശോയ്ക്കുവേണ്ടി ഇപ്പോഴും തടവറയിൽ തുടരുന്നവരും ജീവൻ സമർപ്പിക്കുന്നവരും തങ്ങ

ളുടെ വിശ്വാസം കാത്തുസൂക്ഷിക്കുന്നതിനുവേണ്ടി എല്ലാം ഉപേക്ഷിക്കുന്നവരുമായി ഒത്തിരിയേറെ ജീവിക്കുന്ന രക്തസാക്ഷികൾ ലോകത്തിന്റെ വിവിധഭാഗങ്ങളിലുണ്ടെന്ന് ഞങ്ങൾ അറിയുന്നു. അവർക്കെല്ലാംവേണ്ടി ഞങ്ങൾ പ്രാർത്ഥന തുടരട്ടെ...

മറ്റുള്ളവരാൽ തടവറയിലാക്കപ്പെടുന്നവർ മാത്രമല്ല, സ്വയം തടവറജീവിതം തിരഞ്ഞെടുത്ത് മാധ്യമങ്ങളിൽ ഇടംപിടിക്കുന്നവരുമുണ്ട്. തങ്ങൾക്കുവേണ്ടിത്തന്നെ 'നീലത്തിമിംഗലത്തിന്റെ' തടവറകൾ തീർത്ത് അതിനുള്ളിൽ ജീവൻ സ്വയം ഹോമിക്കുന്നവരെക്കുറിച്ചുള്ള വാർത്തകൾ ഇനിയും അവസാനിച്ചിട്ടില്ലല്ലോ...

കാണാമറയത്തെവിടെയോ ഇരുന്ന് ആജ്ഞകൾ നല്കുന്ന അജ്ഞാതശക്തിയുടെ മുമ്പിൽ മനസ്സ് അടിയറവുവച്ച്, ആ പൈശാചികതയുടെ അടിമയായി മാറി, വിശ്വാസത്തിനും ധാർമ്മികതയ്ക്കുമെതിരായി നല്കുന്ന നിർദ്ദേശങ്ങൾ അക്ഷരംപ്രതി പാലിച്ച്, അവസാനം ദൈവദാനമായ, ദൈവത്തിനു മാത്രം തിരിച്ചെടുക്കാൻ അവകാശമുള്ള ജീവൻ സ്വയം അവസാനിപ്പിക്കുന്ന ജന്മങ്ങൾ!!! തങ്ങൾക്കുമേൽ അധീശത്വം പുലർത്താൻ ഒരു തിന്മയുടെ ശക്തിയും വളർന്നിട്ടില്ല എന്ന അമിതമായ ആത്മവിശ്വാസവുമായി 'ബ്ലൂവെയ്ൽ' എന്ന കൈവിട്ടകളിയിൽ വ്യാപൃതരാകുന്ന കൗമാരങ്ങളും യുവജനങ്ങളും തങ്ങൾ ചെന്നുപെട്ടിരിക്കുന്ന ചതിക്കുഴി തിരിച്ചറിയുമ്പോഴേക്കും സ്വയം രക്ഷപെടാനാവാത്തവിധം അതിന്റെ കെണിയിൽ അകപ്പെട്ടിരിക്കും. ഇതുപോലെ എത്രയെത്ര ചതിക്കുഴികൾ സൈബർലോകത്തുണ്ട്!

ലോകവിജ്ഞാനംമാത്രം മക്കൾക്കുമതിയെന്ന സ്വകാര്യ അഹങ്കാരം പുലർത്തുന്ന മാതാപിതാക്കൾ ഇന്നു ധാരാളമുണ്ട്. മക്കൾ ദൈവത്തെ അറിയണമെന്നോ ആത്മീയതയിൽ വളരണമെന്നോ ആഗ്രഹിക്കാത്തവർ... ആത്മീയതയുമായി ബന്ധപ്പെട്ടവയെല്ലാം കുറച്ചിലായി കരുതുന്നവർ...

ഇങ്ങനെയുള്ളവർക്കൊരു തിരുത്തൽമാതൃകയായി നിത്യം നിലനില്ക്കുന്ന ഒരു കുടുംബത്തിന്റെ ഓർമ്മയാണ് മനസ്സിലേക്കു കടന്നുവരുന്നത്. ഫ്രാൻസിലുള്ള അലെൻസോണിലെ വി. ലൂയി മാർട്ടിന്റെയും വി. സെലിഗ്വരിന്റെയും കുടുംബം... വിശുദ്ധ പദവിയിലേക്ക് ഉയർത്തപ്പെടുന്നതിനുമുമ്പ് ലൂയി മാർട്ടിനും സെലിഗ്വരിനും അറിയപ്പെട്ടിരുന്നത് ലിസ്യുവിലെ വി. കൊച്ചുത്രേസ്യായുടെ മാതാപിതാക്കൾ എന്ന നിലയിലായിരുന്നു. ദൈവദാനമായ ഒൻപതു കുഞ്ഞുങ്ങളിൽ 4 പേരെ സ്വർഗീയപൂന്തോപ്പിലേക്ക് ദൈവം ചെറുപ്പത്തിൽത്തന്നെ എടുത്തെങ്കിലും മറ്റ് 5 പേരെയും അവരുടെ ആഗ്രഹപ്രകാരം സമർപ്പണജീവിതം തിരഞ്ഞെടുക്കുവാൻ അനുവദിച്ച കുടുംബം...

സമർപ്പണജീവിതം ആഗ്രഹിച്ചിരുന്നവരായിരുന്നു ലൂയി മാർട്ടിനും സെലിഗ്വരിനും. നിശബ്ദതയെ ഏറെ സ്നേഹിച്ചിരുന്ന ലൂയി മാർട്ടിൻ വി. ബർണാർദിന്റെ ആശ്രമത്തിൽ ചേർന്നു. എന്നാൽ ലത്തീൻപഠനം ബുദ്ധിമുട്ടായിത്തീർന്നപ്പോൾ അവിടെനിന്നും തിരിച്ചുപോരുകയാണുണ്ടായത്. അതുപോലെതന്നെ 'ഉപവി'യുടെ സന്ന്യാസിനീസമൂഹത്തിൽ ചേരാനാഗ്രഹിച്ച് അവിടേക്കു കടന്നുചെന്ന സെലിഗ്വരിനോട് അവിടുത്തെ സുപ്പീരിയർ പറഞ്ഞത് "നിന്നെക്കൊണ്ട് ദൈവത്തിന് ലോകത്തിൽ ആവശ്യമുണ്ട്" എന്നായിരുന്നു. അവിടെ അവൾക്ക് പ്രവേശനം നിഷേധിക്കപ്പെട്ടു. വിശുദ്ധമായ കുടുംബജീവിതം നയിക്കുവാനും തങ്ങളുടെ കുഞ്ഞുങ്ങളെ വിശുദ്ധരായി വളർത്തുവാനും ദൈവം ലൂയി മാർട്ടിനെയും സെലിഗ്വരിനെയും പ്രത്യേകം തിരഞ്ഞെടുത്തിരുന്നു!

അകാലത്തിൽ മരണമടയുവോളം, തന്റെ കുഞ്ഞുങ്ങൾക്ക് നല്ല ഒരു അമ്മയായിരുന്നു സെലിഗ്വരിൻ. സൗകര്യത്തിന്റെയും സൗന്ദര്യസംരക്ഷണത്തിന്റെയും പേരിൽ മാതൃത്വം നിഷേധിക്കുന്ന ചില ആധുനിക സ്ത്രീത്വങ്ങൾക്കു മുമ്പിൽ വെല്ലുവിളിയുയർത്തി രോഗപീഡകൾക്കു മുമ്പിലും മാതൃത്വത്തിന്റെ മഹനീയത ഉയർത്തിപ്പിടിച്ചവൾ...

സെലിഗ്വരിന്റെ മരണശേഷം മക്കളെ വിശുദ്ധിയിൽ വേണ്ടവിധം വളർത്തുവാൻ ലൂയി മാർട്ടിൻ ശ്രദ്ധിച്ചു. തന്റെ പിതാവിന്റെ മടിയിലിരുന്നാണ് സ്നേഹപിതാവായ ദൈവത്തിന്റെ മടിയിലിരിക്കാൻ താൻ പഠിച്ചതെന്ന് കൊച്ചുത്രേസ്യാതന്നെ



സാക്ഷ്യപ്പെടുത്തുന്നുണ്ടല്ലോ. ഒന്നിച്ചു പ്രാർത്ഥിച്ചു പങ്കുവയ്ക്കുന്ന നിമിഷങ്ങളായിരുന്നു അവരുടെ സന്ധ്യാപ്രാർത്ഥനാവേളകൾ. മക്കളെ മടിയിലിരുത്തി സ്വർഗീയചിന്തകൾ ഉണർത്തുന്ന കവിതകൾ ചൊല്ലുവാൻ ആ പിതാവ് സമയം കണ്ടെത്തിയിരുന്നു. ഓരോ ദിവസവും ദൈവം നല്കുന്ന അനുഗ്രഹങ്ങൾ കണ്ടെടുക്കുവാനും അതിനു നന്ദി പറയുവാനും മക്കളെ അദ്ദേഹം പഠിപ്പിച്ചു. മക്കൾക്കുവേണ്ടി നീക്കിവയ്ക്കാൻ സമയംകണ്ടെത്താൻ സാധിക്കാത്ത ഇന്നത്തെ പല മാതാപിതാക്കൾക്കുമുള്ള ഉദാത്തമാതൃക...

കുടുംബത്തിൽ ഒറ്റപ്പെടുമ്പോഴാണോ കുട്ടികൾ മറ്റു കൂട്ടുകൾ തേടി പോകുന്നത്...? സന്തുഷ്ടകുടുംബത്തിന്റെ സന്തോഷലഹരി ആസ്വദിക്കാനാവാത്തപ്പോഴാണോ മറ്റു ലഹരികൾ തേടുന്നത്...? കുടുംബാംഗങ്ങളുടെ സ്നേഹവും സൗഹൃദവും സംരക്ഷണത്തിന്റെ കവചമായിതീരാത്തതാണോ മറ്റു പല തിന്മകളുടെയും തടവറയിൽ സ്വയം തളച്ചിടാൻ നമ്മുടെ കുഞ്ഞുങ്ങൾക്കു പ്രേരണയാകുന്നത്...?

ഫാ. ടോം... അങ്ങയുടെ വിലയേറിയ പ്രാർത്ഥനയും ഞങ്ങൾ യാചിക്കുന്നു, തിന്മയുടെ തടവറയിൽക്കഴിയുന്ന കുഞ്ഞുങ്ങളുടെ മോചനത്തിനായി... യഥാർത്ഥ സ്വാതന്ത്ര്യത്തിന്റെ സ്വച്ഛവായു ശ്വസിക്കാനാവാതെ അവരെ കൂച്ചുവിലങ്ങണിയിക്കുന്ന സമ്മർദ്ദസാഹചര്യങ്ങൾക്ക് മാറ്റം വരുന്നതിനായി...

കവിത

# കൂടെയുള്ള ദൈവം

ബാബു പേണ്ടാനം
നീലൂർ

എന്റെ ദൈവമെന്നുമെന്റെ കൂടെയുണ്ട്
എന്റെ ദൈവമെന്നുമെന്റെകാവലുണ്ട്
രാത്രികാലത്തും, പകൽനേരത്തും
കൃപയും കരുണയുമെനിക്കുനൽകും.

വചനമായി മഹിയിലവൻ പിറന്നു
വചനത്തിലിന്നുമവൻ പാർത്തിടുന്നു
തിരുവചനം ധ്യാനിക്കുമ്പോൾ
അവനെന്നുള്ളിൽ വന്നു വസിച്ചിടുന്നു.

ആർത്തലയ്ക്കും കടലിനെ നിയന്ത്രിച്ചവൻ
അന്ധർക്കു കാഴ്ചയേകാൻ ശേഷിയുള്ളവൻ
അവനിലല്ലോ നമുക്കാശ്രയം
ഒരിക്കലും കൈവിടാത്ത സ്നേഹിതനവൻ

സങ്കടങ്ങൾ രോഗങ്ങൾ വേദനകൾ
കഷ്ടനഷ്ടമൊക്കെയുമേറിടുമ്പോൾ
തൻകുരിശിൽ ചേർന്നുനിന്നാൽ
വിജയംതരും നമുക്കവനന്ത്യംവരെ

പാപത്തെ വെറുക്കുന്നൊരീശനവൻ
പാപിയെ തേടിവന്നോരീശനവൻ
മരക്കുരിശിൽ മരണത്താലെ
സ്വർഗ്ഗവാതിൽ നമുക്കവൻ തുറന്നുതന്നു

തിരുസ്സഭയാണെന്റെ മാർഗ്ഗദർശി
പാവനാത്മാവാണെന്നദൃശ്യശക്തി
ലോകമിതിൽ, മായകളിൽ
വീഴാതെപ്പോഴും കാത്തിടുമെന്നെ

ഈലോകമെന്നാളും ശാശ്വതമല്ല
പൊയ്പോകുമിവയൊന്നുമില്ലാതാകും
സ്വർഗ്ഗനാട്ടിലെൻ, നിത്യഗേഹത്തിൽ
അവനോടൊത്തെന്നും വസിച്ചിടും ഞാൻ




**സിജി കുന്നത്ത്**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**ഒന്നാം ദിവ്യരഹസ്യം**

ഹൃദയത്തിലും ജീവിതത്തിലും പൂർണ്ണമായും ദൈവവചനം സ്വീകരിച്ച പരി. അമ്മയെ നമുക്ക് ധ്യാനിക്കാം.

പരി. അമ്മേ, അമ്മയെപ്പോലെ അനുനിമിഷം ഞങ്ങളിലേക്ക് കടന്നുവരുന്ന ദൈവഹിതത്തെ മനസ്സിലാക്കുവാനും എളിമയോടെ അവ സ്വീകരിക്കുവാനും ശാന്തതയോടെ അവയ്ക്കു പ്രത്യുത്തരം നൽകുവാനും അമ്മ ഞങ്ങളെ സഹായിക്കണമേ. *1 സ്വർഗ, 1 നന്മ, 1 ത്രിത്വ.*

**രണ്ടാം ദിവ്യരഹസ്യം**

തന്റെ ജീവിതം മുഴുവൻ ദൈവത്തിന്റെ ദാനമൊന്നു മാത്രമാണെന്ന് ഏറ്റുപറഞ്ഞ പരി. അമ്മയെ ധ്യാനിക്കാം.

പരി. അമ്മേ, ദൈവമാതാവേ, ദൈവം ഒരുക്കുന്ന ഞങ്ങളുടെ ജീവിത സാഹചര്യങ്ങളെ അതായിരിക്കുന്ന രീതിയിൽ സ്വീകരിക്കാനും, ദൈവഹിതത്തിനു വിധേയപ്പെടുവാനും ഞങ്ങളെ സഹായിക്കണമേ. *1 സ്വർഗ, 1 നന്മ, 1 ത്രിത്വ.*

**മൂന്നാം ദിവ്യരഹസ്യം**

ദൈവത്തിൽ മറഞ്ഞിരിക്കുന്ന നിഗൂഢമായ എളിമയുടെ ജീവിതം നയിച്ച പരി. അമ്മയെ നമുക്കും ധ്യാനിക്കാം.

പരി. അമ്മേ ദൈവമാതാവേ, ഞങ്ങളുടെ സ്വന്തം ഹിതത്തെ ദൈവഹിതമാക്കി മാറ്റി എളിമയുടെ ജീവിതം നയിക്കുവാൻ അമ്മ ഞങ്ങളെ സഹായിക്കണമേ.. *1 സ്വർഗ, 1 നന്മ, 1 ത്രിത്വ.*

**നാലാം ദിവ്യരഹസ്യം**

സ്വയം ശൂന്യമാക്കി പരാതികൂടാതെ മറ്റുള്ളവർക്കു തന്നെത്തന്നെ പൂർണ്ണമായും കൊടുത്ത പരി. അമ്മയെ നമുക്ക് ധ്യാനിക്കാം.

പരി. അമ്മേ, അമ്മയെപ്പോലെ ഞങ്ങളുടെ ജീവിതങ്ങളെയും ദൈവതിരുമുമ്പിൽ സമർപ്പിച്ച് സഹോദരങ്ങൾക്കു സേവനം ചെയ്യാൻ സഹായിക്കണമേ. *1 സ്വർഗ, 1 നന്മ, 1 ത്രിത്വ.*

**അഞ്ചാം ദിവ്യരഹസ്യം**

ജീവിത സാഹചര്യങ്ങളിൽ ശാന്തത കൈവിടാത്ത പരി. അമ്മയെ നമുക്കു ധ്യാനിക്കാം.

അമ്മേ മാതാവേ, അനുദിന ജീവിതത്തിൽ ഞങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകളിലും, സങ്കടങ്ങളിലും ഈ ലോകജീവിതത്തിൽ തരണംചെയ്യേണ്ട ഓരോ പ്രതിസന്ധി ഘട്ടങ്ങളിലും ശാന്തതയോടെ അവയെ നേരിടുവാനും സന്തോഷത്തോടെ സ്വീകരിക്കുവാനും അങ്ങനെ എല്ലാവർക്കും ദാനമായിത്തീരുവാനും അമ്മ ഞങ്ങളെ സഹായിക്കണമേ. *1 സ്വർഗ, 1 നന്മ, 1 ത്രിത്വ.*



വിശുദ്ധിയുടെ മാതൃകയായ മറിയത്തിന്റെ
വിമലഹൃദയമേ: വിശുദ്ധരാകാമെന്ന
പ്രത്യാശ ഞങ്ങൾക്ക് നല്കണമേ.

# *Spirituality Centre Programme*

## October

Sept 28-Oct 2 - Retreat for Apostolic Oblates
07 - Social Animators
14 - School of Bible
17 - Bible Study Forum
17-18 - Cenacle Gathering (Sodales&Aspirants)
21 - Recollection for Oblates

RNI: KERMAL/2014/59983
Published on
24th September 2017

PRATHEEKSHAYUDE POOMOTTUKAL
(Malayalam Monthly)

Registered: KL/KTM/72/2015-17
Licence No: KL/CR/KTM/WPP-43/2015-17
Licensed to post without prepayment

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

"കർത്താവേ, നിന്റെ സ്ലീവായുടെ മാർഗത്തിലൂടെ
നിരന്തരം ചരിച്ചുകൊണ്ട്, നിന്നെ സ്നേഹിക്കുന്നവർക്കായി
നീ വാഗ്ദാനം ചെയ്തിരിക്കുന്ന ജീവന്റെ കിരീടം ചൂടുവാൻ
ഞങ്ങളെ യോഗ്യരാക്കണമേ. അങ്ങനെ കണ്ണു
കണ്ടിട്ടില്ലാത്തതും മനുഷ്യമനസ്സു വിഭാവനം ചെയ്തിട്ടില്ലാത്ത
തുമായ സ്വർഗീയാനന്ദത്തിൽ പങ്കുകാരാകുവാൻ ഞങ്ങളെ
പ്രാപ്തരാക്കുകയും ചെയ്യണമേ, ആമ്മേൻ"

*(എന്താനാ, ഏലിയാ-സ്ലീവാക്കാലം, ചൊവ്വ)*

Printed, Published & Owned by Annamma Kulathupurayidom, Spirituality Centre, Manganam P.O, Kottayam - 686 018, Printed at WiGi Printers, Manganam P.O, Kottayam - 686 018, Ph:0481- 2570862, Email; wigipress @ gmail. com and Published at Spirituality Centre, Manganam P.O, Kottayam - 686 018,Ph:0481- 2578192, Email; psmktm @ gmail com.
Editor : Fr. Mathew Vellanickal